# ഫോർച്യൂൺ വോയ്സ്

ശരീരത്തിലൂടെ ആത്മാവിലേയ്ക്ക്

March
2016
Vol.3
Issue 1



# പിതൃമൊഴികൾ



ഉപവാസത്തെക്കുറിച്ച് പൊതുവായിട്ടുള്ള ഒരു
നിയമം ഇങ്ങനെയാണ്. പ്രഭാതത്തിൽ അല്പം കഴിക്കുക.
ഉച്ചക്കു പൂർണ്ണഭക്ഷണം, വൈകിട്ട് സാധാരണയുള്ള
തിന്റെ പകുതി. പക്ഷേ എത്രമാത്രം (അളവ്) കഴിക്കുന്നു
എന്നതല്ല, പ്രാധാന്യം എത്രമാത്രം ത്യാഗം അതിൽ അട
ങ്ങിയിട്ടുണ്ട്, എന്നതിനെ ആശ്രയിച്ചാണ് അതിന്റെ മൂല്യം,
കൂടുകയോ, കുറയുകയോ ചെയ്യുന്നത്.
വെള്ളിയാഴ്ചകളിൽ ഇറച്ചികഴിക്കാതിരിക്കുന്നത്
മാത്രം ഒരു ത്യാഗമല്ല. ഇറച്ചിക്കുപകരം
യഥാർത്ഥത്തിലുള്ള മറ്റു പല ത്യാഗങ്ങളും ഉണ്ട്.
മിഠായി ഭക്ഷിക്കാതിരിക്കുക,
ടി വി കാണാതിരിക്കുക, നമ്മുടെ Bad mood നെ മാറ്റുക.
നമ്മുടെ ജിജ്ഞാസയെ അടക്കുക. എങ്ങനെയായിരു
ന്നാലും വെള്ളിയാഴ്ചകളിൽ ത്യാഗപ്രവൃത്തികൾ
അനുഷ്ഠിക്കണം.


**FORTUNE VOICE**

Vol. 3, Issue. 1, March 2016



Chief Editor
Sr. Vimala George

Associate Editor
Sr. Reena Maria

Editor
Sr. Moncy Francis

Editorial Board
Sr. Litty Xavier
Sr. Shiny Anna James
Sr. Nirmala Kuriakose
Sr. Rosy Joseph
Sr. Cicy Manuel
Sr. Lilly Treesa
Sr. Alphy Sebastian



Printed at Sterling Print House (P) Ltd, Door No: 49/1849
Ponekkara P.O.,Cochin-682 041

Subscription rates : Single copy - ₹ 10/- | Annual - ₹ 40/-



# എഡിറ്റോറിയൽ



സി. വിമല ജോർജ്ജ് ജി.

## ഉള്ളടക്കം


1. എഡിറ്റോറിയൽ
2. ദൈവകാരുണ്യം നിറഞ്ഞ സെന്റ് ജോൺ ഓഫ് ഗോഡ് –സി. റിയാ ജോസ്
3. ഉത്ഥാനം മരണത്തിന്റെ മരണം –ഫാ. ഫ്രാൻസിസ് കുടിയിരിക്കൽ CMI
4. മനസ് ഒരു വലിയ അത്ഭുതം. –ഡോ. പി. എം. ചാക്കോ
5. ഉപവാസം
6. നാട്ടിൻപുറം നന്മകളാൽ സമൃദ്ധമോ?. – വിപിൻ വി. റോൾഡന്റ്
7. പപ്പായ –സി. റീന എം
8. അർണോസ് പാതിരി: കേരളത്തിന്റെ അപ്പസ്തോലൻ – ഫാ. ജെയിംസ് പുലിയുറുമ്പിൽ
9. എൻജിനു മുകളിൽ ഹൃദയം പിടിപ്പിച്ച് ഓടുന്നവർ – സി. ഷൈനി അന്നാ ജെയിംസ്
10. വെളിച്ചം പരത്താം – ജെ. പി. കല്ലാർ
11. കരുണയുടെ വർഷം – സി. ആൽഫി സെബാസ്റ്റ്യൻ SCJG
12. കൺകുളിർക്കെ കണ്ട കാരുണ്യം – ജാസ്മിൻ ജോയി


സ്രഷ്ടാവിന്റെ ദുഃഖത്തെക്കുറിച്ച് പാടിയ മഹാകവി ഒ.എൻ.വി.കുറുപ്പ് നമ്മോടു വിട പറഞ്ഞു. മനുഷ്യമനസ്സിന്റെ വിഷം കലർന്ന പ്രവൃത്തികളിൽ പരാതിയുമായി എത്തുന്ന ഒരു കൊച്ചു മീനിന്റെ സങ്കടങ്ങൾ കേട്ട ദൈവം മനുഷ്യനെ സൃഷ്ടിച്ചതിൽ വേദനിക്കുന്നു എന്നാണ് കവി പാടിയത്. ആ കുഞ്ഞു മത്സ്യം ദൈവത്തോടു ചോദിക്കുന്ന ഹൃദയസ്പർശിയായ ഒരു ചോദ്യമുണ്ട്. ''എന്നെ നീ തിരിച്ച് കൈക്കൊള്ളുമോ?. മർത്യന്റെ പാപക്കറ കലരാത്തതാം ഇറ്റു ജലം കനിഞ്ഞു നൽകിടുമോ?''

എന്തിനേറെ, ഒരു ദിവസം മാത്രം പ്രായം തോന്നുന്ന പെൺകുഞ്ഞിനെ വഴിയരുകിലെ പൊന്തക്കാട്ടിൽ ഉപേക്ഷിച്ച അമ്മ. (മലയാള മനോരമ ഫെബ്രുവരി 21) ഈ കുഞ്ഞും ദൈവത്തോടു ചോദിക്കുന്നു, ''എന്നെ നീ തിരിച്ചു കൈക്കൊള്ളുമോ?'' മനുഷ്യമനസ്സിൽ നിന്നും കരുണയും കരുതലും സഹാനുഭൂതിയും കെട്ടു



പോയ ഒരു കെട്ട കാലഘട്ടത്തിലാണ് നാം വസിക്കുക.

സ്നേഹവും ദയയുമാണ് സമുദായത്തിന്റെ ആധാരശിലകൾ. ഈ രണ്ടു വികാരങ്ങളും നഷ്ടമായാൽ സമൂഹത്തിൽ ഗുരുതരമായ പ്രതിസന്ധിയുണ്ടാകും. മനുഷ്യരാശിയുടെ നിലനിൽപ് അപകടത്തിലാക്കും.

ദലൈലാമയുടെ "The heart of compassion" എന്ന കൃതി വായിച്ചു. നന്മ നിറഞ്ഞ മനസ്സ് ക്രിസ്തുവിന്റെ സന്ദേശത്തെ സംബന്ധിച്ച ബുദ്ധിസ്റ്റ് കാഴ്ചപ്പാട് അദ്ദേഹം അവതരിപ്പിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്ന ഒരാൾ പ്രപഞ്ചസ്നേഹത്തിലൂടെയും സഹജീവിസ്നേഹത്തിലൂടെയും തന്റെ അയൽക്കാരനോടുള്ള യഥാർത്ഥ സ്നേഹത്തിലൂടെയുമാണ് അതു പ്രകടമാക്കുന്നത്. അദ്ദേഹം പറയുന്നു, സുവിശേഷങ്ങൾ പാരായണം ചെയ്യുമ്പോഴെല്ലാം എല്ലാ ജീവജാലങ്ങളോടും സഹിഷ്ണുതയോടെ പക്ഷപാതരഹിതമായി പെരുമാറേണ്ടതിന്റെ ആവശ്യകത ഞാനറിയുന്നു. യേശുക്രിസ്തുവിന്റെ ജീവിതത്തിൽ നിന്നു തന്നെ നമുക്ക് പഠനങ്ങൾ ഉൾക്കൊള്ളാം. അവിടുന്ന് എങ്ങനെ ജീവിച്ചു, മറ്റു ജീവജാലങ്ങൾക്കു വേണ്ടി എന്തൊക്കെ പ്രവർത്തിച്ചു, സഹജീവിസ്നേഹത്തിന് സ്വന്തം ജീവിതം എങ്ങനെ മാതൃകയാക്കി. ഈ ചിന്തകളൊക്കെയാണ് ഭൂതദയയെ സംബന്ധിച്ച് ധ്യാനത്തിന് മാതൃക.

കണ്ടുമുട്ടിയ ഓരോ വ്യക്തിയിലും രോഗികളിലും വേദനിക്കുന്നവരിലും ദൈവത്തെക്കണ്ട മഹാനായ ഒരു മനുഷ്യസ്നേഹിയെ ഓർമ്മിക്കുന്ന മാസം കൂടിയാണ് മാർച്ചു മാസം. ഈ മാസം 8-ാം തിയതി വി. ജോൺ ഓഫ് ഗോഡിന്റെ തിരുനാൾ സഭ കൊണ്ടാടുന്നു. 16 -ാം നൂറ്റാണ്ട് - രോഗികളെയും പീഢിതരയും, മൃഗങ്ങളെക്കാൾ മോശമായി കരുതപ്പെട്ട കാലഘട്ടം. കുരിശ് അപമാനത്തിന്റെ, പുച്ഛത്തിന്റെ അടയാളമായി ക്രിസ്തുവിന്റെ കാലത്ത് വിലയിരുത്തിയ പോലെ ദൈവത്തിന്റെ വിശുദ്ധ യോഹന്നാന്റെ കാലത്തും രോഗം വരുന്നത് ദൈവകോപവും ശാപവുമായി കരുതിയിരുന്നു. എന്നാൽ ഓരോ രോഗിയും ഓരോ പീഢിതനും ഓരോ മനുഷ്യനും ക്രിസ്തുവിന്റെ പ്രതിച്ഛായയാണ് എന്ന സത്യം ലോകത്തോട് പ്രഖ്യാപിച്ച വിശുദ്ധൻ കരുണയുടെ കാവൽക്കാരനായി. ഗ്രാനഡയുടെ തെരുവീഥികളിൽ രോഗികളേയും അനാഥരേയും ചുമലിലേറ്റി ലോകത്തോടു വിളിച്ചു പറഞ്ഞു. ''ഇവരിലെ ദൈവത്തെ കണ്ടില്ലന്നു നടിക്കരുതേ''. അതേ - ഇന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ മാരകമായ രോഗം ബാധിച്ചവരെ ആശ്ലേഷിച്ചും എയ്ഡ്സ് രോഗികളുടേയും മയക്കുമരുന്നിന് വിധേയരായവരുടേയും കാലുകൾ കഴുകി ചുംബിച്ചും കൊണ്ട് ഈ കാലഘട്ടത്തിനാവശ്യം കരുണയുടെ മരുന്നാണ് എന്ന് ഉദ്ഘോഷിക്കുന്നു എല്ലാവരിലേയും ദൈവച്ഛായയെ ബഹുമാനിക്കുന്ന പിതാവ് നമുക്ക് മാതൃകയാകുന്നു. നമ്മുടെ പൊതുഭവനത്തെക്കുറിച്ചുള്ള കരുതലിനെ സംബന്ധിച്ച ഫ്രാൻസിസ് മാർപാപ്പയുടെ ചാക്രിക ലേഖനം ""Landato si" നമ്മോടു പറയുന്നതും മറ്റൊന്നുമല്ല. തീരെ കരുണയില്ലാത്ത ഈ കാലഘട്ടത്തിന് കാവലാവുക. കരുണകാണിക്കുക. കണ്ണുതുറന്ന് മുറിവേറ്റ ഈ പ്രപഞ്ചത്തേയും വേദനിക്കുന്ന സഹോദരങ്ങളേയും സ്നേഹത്തിന്റെ തൈലം പുരട്ടാൻ നമുക്ക് കൈകോർക്കാം.

# ദൈവകാരുണ്യം നിറഞ്ഞ
# സെന്റ് ജോൺ ഓഫ് ഗോഡ്



സി. റിയാ ജോസ്



"**നി**ങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' (ലൂക്കാ 6-36)

രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ഘാടനം ചെയ്ത ജോൺ 23 -ാം മാർപ്പാപ്പ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. "ഇപ്പോൾ ക്രിസ്തുവിന്റെ മണവാട്ടി ക്രൂരതയുടെ ആയുധങ്ങളെടുക്കുന്നതിനു പകരം കാരുണ്യത്തിന്റെ ഔഷധം ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു''. അതിനു ശേഷം വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കുരിശിനെ പുണർന്നുകൊണ്ട് മറ്റു സഭകളോടും സംസ്ക്കാരങ്ങളോടും സഭയുടെ തെറ്റുകൾക്ക് ലോകത്തിനു മുമ്പിൽ മാപ്പപേക്ഷിച്ച സംഭവം ലോകവാർത്താമാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെ വിവരിച്ചതാണ്. 2016 കാരുണ്യവർഷമായി പ്രഖ്യാപിച്ചു കൊണ്ട് ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞു ഓരോ വ്യക്തിയെയും സുവിശേഷത്തിന്റെ കരുണയിലേയ്ക്ക് കൊണ്ടുവരിക എന്ന സഭയുടെ ദൗത്യത്തിന്റെ ഒരു പുതിയ ഘട്ടമാണ് കരുണയുടെ വർഷം. സഭയിൽ കരുണയുടെ വിശുദ്ധ വത്സരം പ്രഖ്യാപിച്ചതിലൂടെ സഭാസമൂഹത്തിന് ഫ്രാൻസിസ് മാർപ്പാപ്പ നല്കുന്ന സന്ദേശങ്ങൾ അനവധിയാണ്. കരുണ അത് ദൈവത്തിന്റെ അടിസ്ഥാന സ്വഭാവമാണ്. മനുഷ്യനിൽ നിന്ന് ദൈവം ആഗ്രഹിക്കുന്നതും അതുതന്നെ. ദൈവം കാണിച്ചതുപോലെ ഉപാധികളില്ലാത്ത സ്നേഹം.

കാരുണ്യവർഷത്തിൽ പാദം ഊന്നി നിൽക്കുന്ന ഈ അവസരത്തിൽ 16 – ാം നൂറ്റാണ്ടിൽ ദൈവത്തിന്റെ കാരുണ്യത്തിന്റെ പ്രവാചകനായ ദൈവത്തിന്റെ വിശുദ്ധ യോഹന്നാന്റെ പുണ്യജീവിതത്തിലേയ്ക്കുറ്റു നോക്കുന്നത് ഉചിതമാണ്. രോഗം ദൈവത്തിന്റെ ശാപമാണെന്നും, രോഗികൾ ദൈവത്താൽ ശിക്ഷിക്കപ്പെട്ടവരാണെന്നും കരുതിയിരുന്ന ഒരു കാലഘട്ടത്തിൽ കാരുണ്യപ്രവൃത്തികളിലൂടെ മാനസിക,ശാരീരിക,ആദ്ധ്യാത്മിക രോഗങ്ങളെ ശുശ്രൂഷിച്ച് കാരുണ്യത്തിന്റെ തൈലത്താൽ മുറിവുകൾ വച്ചുകെട്ടി രോഗികളുടേയും രോഗീശുശ്രൂഷകരുടേയും മധ്യസ്ഥനായിത്തീർന്നു സെന്റ് ജോൺ ഓഫ് ഗോഡ്.

കാരുണ്യ വർഷം നൽകുന്ന രണ്ടു സന്ദേശങ്ങളുണ്ട്;

1. ദൈവം കരുണയുള്ളവനാണ്, അതിനാൽ ദൈവത്തിന്റെ കരുണ നാം നേടിയെടുക്കണം.

2. ദൈവം നമ്മോട് കരുണ കാണിക്കുന്നതു പോലെ നാം മറ്റുള്ളവരോട് കരുണ കാണിക്കണം.

ദൈവത്തിന്റെ വിശുദ്ധ യോഹന്നാന്റെ ജീവിതത്തിൽ ദൈവത്തിന്റെ കരുണ വെളിപ്പെടുത്തപ്പെട്ടത് 1537 ജനുവരി 20 നായിരുന്നു. വിശുദ്ധ സെബസ്റ്റ്യാനോസിന്റെ തിരുനാൾ ദിവസം ജോൺ ഓഫ് ആവിലായുടെ പ്രസംഗം ശ്രവിച്ചതോടെ തന്റെ പാപാവസ്ഥയും സ്വർഗ്ഗീയപിതാവിന്റെ സ്നേഹവും കരുണയും ജോൺ തിരിച്ചറിഞ്ഞു. ഈ മനസ്താപത്തിൽ ജോൺ ദൈവത്തിന്റെ കരുണയ്ക്കായി യാചിച്ചു. അങ്ങനെ ജോൺ ദൈവത്തിന്റെ കരുണ നേടിയെടുത്തു. ഉപാധികളില്ലാതെ തന്നിൽ ചൊരിഞ്ഞ കരുണ ആവശ്യത്തിലിരിക്കുന്ന രോഗികളിലും പാവപ്പെട്ടവരിലും അദ്ദേഹം നിറച്ചുകൊടുത്തു. ജോണിന്റെ കാലഘട്ടത്തിൽ രോഗീശുശ്രൂഷ പ്രത്യേകിച്ചും മാനസികരോഗികളെ ശുശ്രൂഷിക്കുന്ന രീതി വളരെ ക്രൂരമായിരുന്നു. ജോൺ ഓഫ് ആവിലായുടെ പ്രസംഗം കേട്ട് അസ്വസ്ഥായിത്തീർന്ന ജോണിനെ നാട്ടുകാർ ഒരു മാനസിക ആശുപത്രിയിലാക്കി. അങ്ങനെ രോഗീപരിചരണത്തിലെ പോരായ്മകൾ ജോൺ സ്വയം അനുഭവിച്ചറിഞ്ഞതാണ്. അന്ന് രോഗികളെ പരിചരിച്ചിരുന്നത് ചങ്ങലയാൽ ബന്ധിച്ച് പട്ടിണിക്കിട്ട് പീഡിപ്പിച്ചും മറ്റുമായിരുന്നു.

ഈ അവസരത്തിലാണ് ജോൺ തന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുക. രോഗികളേയും ആവശ്യത്തിലിരിക്കുന്നവരേയും പാവപ്പെട്ടവരേയും തന്റെ താമസസ്ഥലത്തേയ്ക്കു കൊണ്ടുവന്ന് അവരെ സ്നേഹ പൂർവ്വം ശുശ്രൂഷിക്കുന്നതിൽ ആനന്ദം കണ്ടെത്തി.

2000 വർഷങ്ങൾക്കു മുൻപ് സൗഖ്യദായകനായ ഈശോ കാണിച്ച അതേ പാതയിൽ ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളുടെ ആശ്രയമായിത്തീർന്നു.

കാരുണ്യവർഷത്തിൽ ഏറ്റവും ശ്രദ്ധയാകർഷിക്കപ്പെട്ട ഒന്നാണ് കാരുണ്യവർഷത്തിന്റെ ഐക്കൺ. ദൈവത്തിന്റെ കരുണ മനുഷ്യരിലൂടെ കരകവിഞ്ഞൊഴുകുന്നതിന്റെ ഉത്തമമായ ചിത്രീകരണമാണ് ഈശോയുടേയും മനുഷ്യന്റേയും കണ്ണുകൾ മേർജ് ചെയ്തിരിക്കുന്നത്. അതായത് ദൈവത്തിന്റെ കാരുണ്യത്തിന്റെ കണ്ണുകളിലൂടെ മനുഷ്യൻ ലോകത്തെ കാണുക എന്ന മഹത്തായ ആശയം. ഇത് വളരെ മനോഹരമായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നു ഈ ഐക്കണിൽ.

ഗ്രാനഡയിലെ ജോൺ തന്റെ കണ്ണുകൾ ദൈവകരുണയുടെ കണ്ണുകളോട് ചേർത്തുവച്ചപ്പോൾ ഗ്രാനഡ മുഴുവൻ അദ്ദേഹത്തെ വിളിച്ചു ''ദൈവത്തിന്റെ യോഹന്നാൻ'' എന്ന്. എന്റെ ഈ എളിയ സഹോദരരിൽ ഒരുവന് നിങ്ങൾ ഇതുചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്നു പറഞ്ഞ സൗഖ്യദായകനായ ഈശോയുടെ കാരുണ്യം ലോകത്തിന് സെന്റ് ജോൺ ഓഫ് ഗോഡിലൂടെ അനുഭവവേദ്യമായി. ദൈവകാരുണ്യത്തെ സ്വജീവിതത്തിൽ നിറച്ച് അത് അനേകായിരങ്ങൾക്കു പകർന്നു കൊടുത്ത സെന്റ് ജോൺ ഓഫ് ഗോഡ് സെസ്സായിലെ പ്രഭുവിനെഴുതിയ കത്തിൽ നാം വായിക്കുന്നു, ''ദൈവത്തിനു നമ്മോടുള്ള കാരുണ്യത്തിന്റെ വലുപ്പത്തെപ്പറ്റി ഓർത്താൽ നാം ഒരിക്കലും കാരുണ്യപ്രവർത്തികളിൽ നിന്ന് പിന്മാറുകയില്ല''. (sjg. 1Ds,13). സെന്റ് ജോൺ ഓഫ് ഗോഡിനെപ്പോലെ നമുക്കും കരുണയുടെ പ്രവാചകരാകാം


മാർച്ച് 8
ദൈവത്തിന്റെ
വി.യോഹന്നാന്റെ തിരുന്നാൾ
മംഗളങ്ങൾ



# ഉത്ഥാനം മരണത്തിന്റെ മരണം

ഫാ. ഫ്രാൻസിസ് കുടിയിരിക്കൽ CMI

**ക്രൈ**സ്തവസഭയിലെ രണ്ടു പ്രധാന തിരുനാളുകളാണ് ക്രിസ്തുമസും (പിറവി തിരുനാൾ) ഈസ്റ്ററും (ഉയിർപ്പു തിരുനാൾ). ഈശോയുടെ പിറവിതിരുനാളിൽ ദൈവപുത്രന്റെ മനുഷ്യാവതാരവും, ഉയിർപ്പു തിരുനാളിൽ പെസഹാരഹസ്യവും ക്രൈസ്തവർ അനുസ്മരിക്കുകയും ആചരിക്കുകയും ചെയ്യുന്നു. ഇതിൽ ഏതു തിരുനാളാണ് പരമപ്രധാനം എന്ന ചോദ്യം അപ്രസക്തമാണെങ്കിലും അക്കാഡമിക് തലത്തിൽ വിശകലനം ചെയ്യുന്നവരുണ്ട്. ലൗകികമായ കാഴ്ചപ്പാടിൽ നോക്കുമ്പോൾ ക്രിസ്തുമസിനാണ് ലോകത്തിൽ ആഘോഷങ്ങളും പൊലിമയും താളമേളങ്ങളുമെല്ലാം കാണുന്നത്. അക്രൈസ്തവർ പോലും ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കുന്നതുകൊണ്ട് അതിന് ഒരു ക്രൈസ്തവേതര മാനം കൂടിയുണ്ട്. യൂറോപ്യൻ പശ്ചാത്തലത്തിൽ ക്രിസ്തുമസ് മാസങ്ങളോളം നീണ്ടു നിൽക്കുന്നു. എന്നാൽ ഈസ്റ്റർ ക്രൈസ്തവരുടെ ഇടയിൽ മാത്രം ഒതുങ്ങിനിൽക്കുന്നുവെന്നു മാത്രമല്ല അതിന് ബാഹ്യമായ അലങ്കാരങ്ങളോ ആർഭാടങ്ങളോ മേളങ്ങളുടെ വൈവിധ്യമോ ലോകദൃഷ്ടിയിൽ ഇല്ല. ബാഹ്യആഘോഷങ്ങളുടേയും കച്ചവടതാത്പര്യങ്ങളുടേയും വെളിച്ചത്തിൽ ക്രൈസ്തവർ പോലും ക്രിസ്തുമസിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നതായി തോന്നിപോകും.

ക്രൈസ്തവ വിശ്വാസത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ഉയിർപ്പു തിരുനാളിനാണ് സഭയിൽ പ്രാ

ധാന്യം എന്നു മനസ്സിലാക്കാം. ക്രിസ്തുമസിനെപ്പറ്റി ചിന്തിക്കുമ്പോൾ യേശുക്രിസ്തു ഒരു ചരിത്രപുരുഷനായതുകൊണ്ട് അത്തരത്തിൽ അംഗീകരിക്കാനും ജന്മദിനം ആഘോഷിക്കാനും അക്രൈസ്തവർക്കു പോലും ബുദ്ധിമുട്ടില്ല. എന്നാൽ മരണമടഞ്ഞ ക്രിസ്തു മൂന്നാം ദിവസം മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റുവെന്നും ഇന്നും ജീവിക്കുന്ന ദൈവമാണെന്നും വിശ്വസിക്കുക അക്രൈസ്തവർക്കു സാദ്ധ്യമല്ല. എന്നാൽ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഉയിർത്തെഴുന്നേറ്റ ദൈവപുത്രനിലുള്ള വിശ്വാസമാണ് അവന്റെ ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനവും ആധാരവും. അതുകൊണ്ട് വി. പൗലോസ് പറയുന്നത് "ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം". (1 കോറി 15/12-19) ക്രൈസ്തവ ആദ്ധ്യാത്മിക ജീവിതത്തിനും സന്മാർഗ്ഗികതക്കും അനുഷ്ഠാനങ്ങൾക്കും ആരാധനാ പ്രാർത്ഥനാ ജീവിതത്തിനും കൂദാശകൾക്കും എല്ലാം ക്രൈസ്തവജീവിതത്തിൽ അർത്ഥവും അടിസ്ഥാനവും കൊടുക്കുന്നത് ക്രിസ്തുവിന്റെ ഉത്ഥാനമാണ്.

പെസഹാരഹസ്യത്തിലൂടെയാണ് ഈശോ രക്ഷാകരകർമ്മം പൂർത്തിയാക്കിയത്. ഈശോയുടെ പീഢാനുഭവം, കുരിശുമരണം, സംസ്ക്കാരം, ഉത്ഥാനം ഇവയെയാണ് പെസഹാരഹസ്യം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. "പെസഹാ" എന്ന വാക്കിനർത്ഥം കടന്നു പോകൽ" (pass away) എന്നാണ്. പഴയനിയമത്തിൽ അത് ദൈവജനത്തിന്റെ ഈജിപ്തിൽ നിന്നും കാനൻ ദേശത്തേയ്ക്കുള്ള, ഫറവോന്റെ അടിമത്തത്വത്തിൽ നിന്ന് ദൈവജനത്തിന്റെ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള, ചെങ്കടലിലൂടെയുള്ള കടന്നു പോകൽ ആയിരുന്നു. അത് യഹൂദ ജനത്തിന്റെ രക്ഷയുടെ കേന്ദ്രസംഭവമാണ്. അന്ന് ദൈവം തന്റെ ജനത്തെ ചെങ്കടലിലൂടെ അത്ഭുതകരമായി രക്ഷിച്ചെങ്കിൽ ഈശോ മനുഷ്യകുലത്തിന് തന്റെ പെസഹാ രഹസ്യത്തിലൂടെ രക്ഷ നേടിക്കൊടുത്തു. മരണത്തിൽ നിന്ന് നിത്യജീവനിലേയ്ക്കുള്ള കടന്നുപോകലായിരുന്നു അത്. പിശാചിന്റെ ദാസ്യത്തിൽ നിന്ന് ദൈവമക്കളുടെ വീണ്ടെടുക്കലിലേയ്ക്കുള്ള കടന്നുപോകലായിരുന്നു. അന്ധകാരത്തിൽ തപ്പിത്തടഞ്ഞ മനുഷ്യകുലത്തിന് പ്രകാശത്തിലേയ്ക്കുള്ള കടന്നുപോകലായിരുന്നു. അങ്ങനെ ഈശോയാണ് നിത്യജീവൻ, ഈശോയാണ് പ്രകാശം, ഈശോയാണ് പുനരുത്ഥാനവും ജീവനും എന്നീ സത്യങ്ങൾ ഈശോയുടെ പുനരുത്ഥാനം പ്രഘോഷിക്കുന്നു. ഈശോയുടെ ഉയിർപ്പിനെ സൂചിപ്പിക്കുന്ന മാമ്മോദീസാ സ്വീകരിച്ചുകൊണ്ട് ഒരു ക്രൈസ്തവൻ ഈ പെസഹാരഹസ്യത്തിൽ പങ്കുപറ്റുന്നു. അവിടെ പാപത്തിനു മരിച്ച് ഈശോയിൽ പുതുജീവൻ പ്രാപിക്കുന്നതു കൊണ്ട് ഉത്ഥാനത്തിന്റെ സന്ദേശം പുതുജീവന്റെ (New life) സന്ദേശമാണ്. അതുകൊണ്ട് ആദിമ ക്രൈസ്തവ സഭകളിൽ ഈ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായി മാമ്മോദീസാ സ്വീകരിച്ചിരുന്നത്. ഇന്നും നമ്മുടെ ദൈവാലയങ്ങളിൽ ആഘോഷമായ മാമ്മോദീസാ ദുഃഖശനിയാഴ്ച നടത്തി ഈ പാരമ്പര്യം പുനഃസ്ഥാപിക്കാൻ ശ്രദ്ധിക്കുന്നത്. മാമ്മോദീസാ സ്വീകരിച്ചവർ മാമ്മോദീസാ വ്രതം അന്നേ ദിവസം നവീകരിച്ചുകൊണ്ട് പെസഹാ കുമ്പസാരം നടത്തിയും നവജീവനിലേയ്ക്ക്, ഈശോയുടെ പ്രകാശത്തിലേയ്ക്ക് കടന്നുവരാൻ ശ്രമിക്കണം. അപ്പോഴാണ് പെസഹാരഹസ്യത്തിലൂടെ നമ്മെ രക്ഷിച്ച ഈശോയുടെ ഉത്ഥാനം നമ്മുടെ രക്ഷയുടെ അനുഭവമാകുന്നത്. തിരുനാൾ നാം അർത്ഥവത്തായി ആചരിക്കുന്നതും.

ഈശോയുടെ ഉത്ഥാനം പാപത്തിന്റേയും മരണത്തിന്റേയും സാത്താന്റേയും മേലുള്ള വിജയമാണ്. മർത്യതയിൽ നിന്ന് അമർത്യതയിലേയ്ക്ക് ഞങ്ങളെ നയിക്കണമേ എന്നുള്ള ഇന്ത്യൻ ഋഷിമാരുടെ പ്രാർത്ഥനയുടെ ഉത്തരമാണത്. ഉയിർപ്പു തിരുനാൾ മരണത്തിന്റെ മരണമാണ് ഉദ്ഘോഷിക്കുന്നത്. പാപത്തിനു മരിച്ചവരായ നമ്മൾ ക്രിസ്തുവിൽ പുതുജീവൻ നേടി ദൈവത്തിനു വേണ്ടി ജീവിക്കേണ്ടവരാണ് ( റോമാ 6/10-11) എന്ന് ഈ തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നു. ഈശോയിൽ നവീകരിക്കപ്പെട്ട ഒരു ജീവിതം നയിക്കാൻ ക്രൈസ്തവർ വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ ആയിരിക്കുന്നവൻ നവസൃഷ്ടിയാണ്. (പത്രോസ് 5/17) എല്ലാ ശവകുടീരത്തിലും RIP എന്ന് എഴുതിയിരിക്കുന്നു. എന്നാൽ, ക്രിസ്തുവിന്റെ ശവകുടീരത്തിൽ "അവൻ ഇവിടെയില്ല ഉയിർപ്പിക്കപ്പെട്ടു (ലൂക്കാ 24/5-6) ജീവിച്ചിരിക്കുന്നവരെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്" എന്ന ദൂതാണ് എഴുതിയിരിക്കുന്നത്. ഉത്ഥാനം ചെയ്ത ക്രിസ്തുവിൽ വിശ്വസിക്കുന്നവന് നിരാശക്ക് അടിസ്ഥാനമില്ല. ഉത്ഥാന ശേഷം ശിഷ്യന്മാർക്ക് സമാധാനം ആശംസിച്ച ക്രിസ്തുവിന്റെ സമാധാനം ഏവർക്കും നേരുന്നു.



"ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർഥം". 1 കോറി 15:14

പ്രതീക്ഷയാണ് ഈശോയുടെ ഉത്ഥാനം നമുക്ക് പ്രദാനം ചെയ്യുക.
അവിടുന്ന് ഇന്നും നമ്മിലൂടെ ജീവിക്കുന്ന ദൈവമാണ്.

# എവർക്കും ഉയിർപ്പ് തിരുനാൾ മംഗളങ്ങൾ



ഡോ. പി. എം. ചാക്കോ
പാലക്കുന്നേൽ




# മനസ്
# ഒരു വലിയ അത്ഭുതം

സെലിൻ നല്ല പ്രാർത്ഥനാനുഭവമുള്ള ഒരു വീട്ടമ്മയാണ്. ഭർത്താവ് വിദേശത്ത് വളരെക്കാലം ജോലി ചെയ്തതിനു ശേഷം ഇപ്പോൾ നാട്ടിൽ വന്ന് സ്ഥിരതാമസമാക്കിയിരിക്കുന്നു. പ്രാർത്ഥനാ ഗ്രൂപ്പുകളിൽ സജീവമായിരുന്ന സെലിന് പ്രാർത്ഥിക്കുമ്പോൾ പല ദർശനങ്ങളും ലഭിക്കുമായിരുന്നു. അത് അനേകർക്ക് ഉപകാരപ്രദമായി അനുഭവപ്പെട്ടിരുന്നതിനാൽ ധാരാളമാളുകൾ കൗൺസിലിംഗിനായും പ്രാർത്ഥനാ സഹായം അഭ്യർത്ഥിച്ചും സെലിനെത്തേടി എത്തുമായിരുന്നു. പെട്ടെന്ന് ആറുമാസകാലത്തേയ്ക്ക് മകളുടെ അടുത്തേയ്ക്ക് വിദേശത്തേയ്ക്ക് പോയി. പ്രാർത്ഥനാ ബന്ധങ്ങളൊക്കെ മുറിഞ്ഞു. ഇതിനിടെ ഭർത്താവിന്റെ അറുപത്തിനാലു വയസ്സുകാരനായ സഹോദരൻ ഹൃദയസ്തംഭനം വന്നു മരിച്ചു. മറ്റൊരു സഹോദരനും ഇതേ പ്രായത്തിൽ മരിച്ചിരുന്നു. ഭർത്തൃപിതാവും അറുപത്തഞ്ചാം വയസ്സിലാണ് മരിച്ചത്. സെലിന്റെ ഭർത്താവിന് അറുപത് വയസ്സായി. പെട്ടെന്നുള്ള ഭർത്തൃ സഹോദരന്റെ മരണവാർത്ത വിദേശ രാജ്യത്തു വച്ച് ഒരു രാത്രിയിൽ ഉറക്കത്തിൽ നിന്ന് ഉണർത്തിയാണ് ഭർത്താവ് സെലിനെ അറിയിച്ചത്. സെലിൻ ആകെ അസ്വസ്ഥയായി. തന്റെ ഭർത്താവും അറുപതുകളിൽ മരിക്കാൻ വളരെയധികം സാധ്യതയുണ്ടെന്ന ചിന്ത സെലിന്റെ തലയിൽ സ്ഥാനം പിടിച്ചു. എപ്പോഴും അതിനെക്കുറിച്ചു ചിന്തിച്ച് പരിഭ്രമിച്ചു കൊണ്ടിരുന്നു. വിശപ്പും ദാഹവും കുറഞ്ഞു. ഭർത്താവ് ഒറ്റക്ക് ഒരിടത്തേയ്ക്കും പോകാൻ സമ്മതിക്കാതെയായി. എപ്പോഴും കൂടെയുണ്ടാകണമെന്ന് നിർബന്ധിച്ചു. പ്രാർത്ഥനയും പ്രവചനവരവും ദർശനവും ഒന്നും ഒട്ടും ഇല്ലാതെയായി. പ്രാർ

ത്ഥിക്കാൻ ശ്രമിച്ചിട്ട് ഏകാഗ്രത കിട്ടുന്നില്ല. നാട്ടിൽ തിരികെ വന്നിട്ടും പ്രാർത്ഥനാ ശക്തി ലഭിച്ചില്ല. പണ്ട് വിളിച്ചിരുന്നവരാരും വിളിക്കാതെയുമായി. പരിഭ്രമം മൂലം ഉറങ്ങാൻ സാധിക്കുന്നില്ല. ഊണിലും ഉറക്കത്തിലും ഭർത്താവിന്റെ മരണത്തെപ്പറ്റിയുള്ള ചിന്ത മുന്നിട്ടു നിന്നു.

പ്രശസ്ത ട്രെയിനറായ റോബിൻ ശർമ്മ പറയുന്നു, "മനസ്സിൽ നാം എന്ത് നിരന്തരമായി കൊണ്ടു നടക്കുന്നുവോ അത് നമുക്ക് സംഭവിക്കും. നന്മയായലും തിന്മയായലും അത് വന്നു ഭവിക്കും. ഡോ. ജോസഫ് മർഫി പറയുന്നത് മനസ്സിന് രണ്ട് പ്രധാനതലങ്ങളുണ്ടെന്നാണ്; ബോധമനസ്സും അബോധമനസ്സും. ഉപബോധമനസ്സിനെ അദ്ദേഹം അനന്തബുദ്ധി എന്നു വിളിക്കുന്നു. ആരാണ് അനന്തബുദ്ധി? അത് ഈശ്വരനല്ലാതെ മറ്റാരുമല്ല. ക്രൈസ്തവ ദൈവശാസ്ത്രം പറയുന്നു ഹൃദയം പരിശുദ്ധാത്മാവിന്റെ ആലയമാണെന്ന്." അഹം ബ്രഹ്മാസ്മി" എന്നു ഹിന്ദു ശാസ്ത്രം പറയുമ്പോഴും ഈശ്വരൻ നമ്മിലുണ്ടെന്നാണ് നാം മനസ്സിലാക്കുക. അങ്ങനെയെങ്കിൽ ഉള്ളിലുള്ള ഈ അനന്തബുദ്ധി നമുക്ക് ഉപയോഗിക്കാനാകാതെ പോകുന്നത് എന്തുകൊണ്ടാണ്. അബോധമനസ്സ് നിഷ്കളങ്കമാണ്. അതിൽ അനന്തമായ ശക്തിയും സാദ്ധ്യതകളും ഉണ്ട്. പക്ഷേ അത് ബോധമനസ്സിന്റെ അഭിപ്രായമനുസരിച്ചേ പ്രവർത്തിക്കുകയുള്ളൂ. ബോധമനസാകട്ടെ ഇന്ദ്രിയങ്ങൾക്കനുസരിച്ചാണ് പെരുമാറുക. ബോധമനസ്സ് കാണുന്നതും കേൾക്കുന്നതും തൊടുന്നതും രുചിക്കുന്നതും അനുഭവിക്കുന്നതുമായ കാര്യങ്ങളുടെ പശ്ചാത്തലത്തിൽ നിഗമനങ്ങളെടുത്ത് തീരുമാനങ്ങൾ രൂപീകരിച്ച് മനസ്സിൽ ഉറപ്പിക്കുന്നു. അതിനപ്പുറത്തേയ്ക്ക് ഒന്നും സാദ്ധ്യമല്ല എന്ന് വിശ്വസിക്കുന്നു. ഈ തീരുമാനങ്ങൾ സ്ഥിരമായി മനസ്സിൽ കൊണ്ടുനടക്കുമ്പോൾ അത് വ്യക്തിയുടെ ആഗ്രഹമായി അബോധമനസ്സിലെ അനന്തബുദ്ധി മനസ്സിലാക്കുകയും ആ ആഗ്രഹം നടപ്പിലാക്കുവാൻ വേണ്ടതെല്ലാം അഗാധമായ സ്രോതസ്സുകളിൽ നിന്ന് അടർത്തിയെടുത്ത് കൊണ്ടു വരുകയും ചെയ്യും. ഇതാണ് അബ്ദുൽ കലാം പറഞ്ഞ സ്വപ്നത്തിന്റെ അർത്ഥം. ഒരു സ്വപ്നം വ്യക്തമായി മനസ്സിൽ നിരന്തരം കൊണ്ടുനടന്നാൽ അത് പ്രാവർത്തികമാക്കാൻ അബോധമനസ്സിന് കഴിവുണ്ട് എന്നതുകൊണ്ട് എല്ലാവർക്കും വിജയിക്കാൻ വ്യക്തമായ ഓരോ സ്വപ്നങ്ങൾ ഉണ്ടായേ തീരൂ എന്നാണ് അദ്ദേഹം ഉദ്ദേശിച്ചതും. മനസ്സിന് ഒരു സമയത്ത് ഒരു ചിത്രം മാത്രമേ വ്യക്തമായി കൊണ്ടുനടക്കാനാവൂ. പല ചിത്രങ്ങളുണ്ടായാൽ ഒന്നും പ്രാവർത്തികമാവുകയില്ല. അതുകൊണ്ടുതന്നെ നല്ല ഭാവി ഉണ്ടാകുവാൻ നല്ല ലക്ഷ്യത്തിന്റെ വ്യക്തമായ ചിത്രം മനസ്സിൽ സൃഷ്ടിച്ച് സൂക്ഷിക്കണം. നിങ്ങളുടെ അനുഭവം നിങ്ങളുടെ ഉള്ളിലുള്ളതിന്റെ പ്രതിഫലനം മാത്രമാണെന്ന് ശാസ്ത്രജ്ഞർ പറയുന്നു.

നിരന്തരം മോഷണത്തെപ്പറ്റി ചിന്തിച്ചു കൊണ്ടു നടക്കുമ്പോൾ അബോധമനസ്സിൽ നിന്ന് അനുനിമിഷം അതിനുള്ള അവസരങ്ങൾ പൊന്തി വന്നു കൊണ്ടിരിക്കും. മദ്യപാനി നോക്കുമ്പോൾ കാണുന്നതു മുഴുവനും മദ്യപാന സാദ്ധ്യതകളാണ്. ദീനാനുകമ്പയുള്ള മദർ തെരേസ എവിടെ നോക്കുമ്പോഴും കണ്ടിരുന്നത് ദരിദ്രരേയും പീഢിതരേയുമാണ്. കാരണം അവരുടെ മനസ്സു നിറയെ ആ ചിന്ത മാത്രമായിരുന്നു. നാം എന്തുചെയ്താലും വിജയിക്കുകയില്ല എന്ന് മനസ്സിൽ പറഞ്ഞു കൊണ്ടു നടന്നാൽ സ്ഥിരം പരാജയമായിരിക്കും ഫലം. മറിച്ച് ഞാൻ തീർച്ചയായും വിജയിക്കും എന്ന് നിശ്ചയിച്ചുറച്ചുനടന്നാൽ ജയിക്കുവാനുള്ള വഴികൾ ഒന്നൊന്നായി മനസ്സ് വെളിപ്പെടുത്തി തന്ന് അതിനെ പ്രോത്സാഹിപ്പിച്ച് നമ്മെ അവിടെയെത്തിക്കും. മുൻപുണ്ടായിട്ടുള്ള മാനസിക മുറിവുകളെപ്പറ്റി മാത്രം ചിന്തിച്ചുകൊണ്ടു നടന്നാൽ അത്തരം അനുഭവങ്ങൾ വീണ്ടും ഉണ്ടാകാനിടയുണ്ട്.

മേൽപ്പറഞ്ഞ സംഭവത്തിലെ സെലിൻ ഭർത്താവിന്റെ മരണത്തെപ്പറ്റിയുള്ള ചിന്ത മനസ്സിൽ കയറ്റി അതിനെപ്പറ്റി മാത്രം ചിന്തിച്ചു നടന്നപ്പോൾ മറ്റു സിദ്ധികളെല്ലാം മാഞ്ഞുപോയി. ഭർത്താവിന്റെ മരണവും പ്രതീക്ഷിച്ചു ഭയന്നിരിക്കുന്ന അവർക്ക് അത് സംഭവിച്ചേക്കാമായിരുന്നു. സൈക്കോതെറാപ്പിയിലൂടെ ആ ഭയം എടുത്തുമാറ്റിയപ്പോൾ അത്ഭുതകരമായി അന്നു രാത്രിയിൽ തന്നെ ആ കഴിവുകളെല്ലാം തിരിച്ചു വന്ന് പഴയതിലധികമായി പ്രാർത്ഥനാശുശ്രൂഷ ചെയ്യുവാൻ അവർ പ്രാപ്തയായി. അതുകൊണ്ട് നാം മനസ്സിൽ നിരന്തരം കൊണ്ടുനടക്കുന്ന ചിന്തകൾ വിജയത്തിലേയ്ക്കും പരാജയത്തിലേയ്ക്കും നയിക്കുവാനിടയാകും എന്ന യാഥാർത്ഥ്യം നാം അറിഞ്ഞിരിക്കണം. അതിനാൽ ശുഭചിന്തകൾ മാത്രമേ മനസ്സിൽ സൂക്ഷിക്കാവൂ എന്ന് പറയേണ്ടതില്ലല്ലോ.

കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പിയിൽ നമ്മുടെ വിഷമങ്ങളുടെ കാരണം നമ്മുടെ ചിന്തകളാണെന്ന് പറയുന്നുണ്ട്. ഉദാഹരണത്തിന് നമ്മുടെ വീട്ടിൽ കള്ളൻ കയറി, നിങ്ങൾ കള്ളനെക്കണ്ട് അത്യധികം ഭയപ്പെട്ടു എന്നുകരുതുക. അതിനുശേഷം രണ്ടാഴ്ച കഴിഞ്ഞ് നിങ്ങൾ ടൂറിനു പോയി മറ്റു രണ്ട് സുഹൃത്തുക്കളുമൊത്ത് ഒരു മുറിയിൽ കിടന്നുറങ്ങുകയാണ് എന്ന് ചിന്തിക്കുക.

രാത്രി ഒരു മണിയായപ്പോൾ വർത്തമാനം പറഞ്ഞു കിടന്നിരുന്ന നിങ്ങൾ പുറത്ത് ജനാലക്കരികിലൂടെ എന്തോനീങ്ങുന്നതായി കണ്ട് കള്ളനാണെന്നു കരുതി ഭയന്നു വിറച്ചു. നിങ്ങളുടെ ഒരു സുഹൃത്ത് പ്രേതസിനിമകൾ സ്ഥിരം കാണുന്നയാളാണ്. അവൾ അത് പ്രേതമാണെന്ന് കരുതി നിലവിളിച്ചു. മൂന്നാമത്തെ സുഹൃത്ത് അത് വവ്വാൽ പറന്നതോ ഇല കാറ്റത്ത് ആടിയതോ ആണെന്ന് മറ്റുള്ളവരെ കളിയാക്കിയിട്ട് സുഖമായികിടന്നുറങ്ങി. മൂന്നുപേരും കണ്ടത് ഒന്നുതന്നെയാണെങ്കിലും പ്രതികരണം വ്യത്യസ്ഥമായിരിക്കുന്നത് നാം കണ്ടു. ഇതിന്റെ കാരണം മൂന്നുപേരുടേയും പല തരത്തിലുള്ള മുൻകാലഅനുഭവങ്ങളാണ്.

നിങ്ങൾക്ക് വളരെകാലമായുണ്ടായിരുന്ന ഒരു ആത്മസുഹൃത്തുമായി നിങ്ങൾ ഈയിടെ പിണങ്ങി. അതിനു ശേഷം ഒരു ദിവസം നിങ്ങൾ ബസ്സ് സ്റ്റോപ്പിൽ നിൽക്കുമ്പോൾ നിങ്ങളുമായി പിണങ്ങിയ സുഹൃത്ത് മറ്റൊരു പുതിയ ആളുമായി ബസ്സ് സ്റ്റോപ്പിൽ എതിർവശത്ത് നിൽക്കുന്നതു കണ്ടു. അയാൾ നിങ്ങളെയൊന്ന് നോക്കിയിട്ട് മറ്റേയാളുടെ ചെവിയിൽ എന്തോ മന്ത്രിച്ചു. എന്നിട്ട് രണ്ടുപേരും കൂടി നിങ്ങളെ നോക്കി നിന്നു. സ്വാഭാവികമായി നിങ്ങളുടെ കുറ്റമാണ് പറഞ്ഞതെന്ന് നിങ്ങൾ കരുതുകയും അസ്വസ്ഥപ്പെടുകയും ചെയ്യും. എന്നാൽ അയാൾ പറഞ്ഞത് വെറുതെ ഒരു നല്ല സുഹൃത്തുമായി പിണങ്ങി എന്നാണ്. നിങ്ങൾ മറിച്ചു ചിന്തിക്കുവാൻ കാരണം നിങ്ങളുടെ അനുഭവത്തിന്റെ പശ്ചാത്തലത്തിലുള്ള മുൻവിധിയും തൽഫലമായുണ്ടായ പെട്ടെന്നുള്ള ചിന്തയുമാണ് (Automatic Thought). നാം പെട്ടെന്ന് പ്രതികരിക്കുന്നത് ഇത്തരത്തിൽ പെട്ടെന്നുണ്ടാകുന്ന ചിന്തയുടെ ഫലമായാണ്. ഈ ചിന്തകളെ ക്രമീകരിച്ചാൽ പ്രതികരണത്തിൽ മാറ്റം വരും. മഞ്ഞപ്പിത്തമുള്ളവർ കാണുന്നതെല്ലാം മഞ്ഞയാണെന്നൊരു ചൊല്ലുണ്ട്. മനഃശാസ്ത്രപരമായി ഇതു വളരെ ശരിയാണ്. നാം നമ്മുടെ മുൻകാല അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ഒരു പ്രത്യേക ഫ്രെയിം (Schema) ധരിച്ചു കൊണ്ടാണ് നടക്കുന്നത്. ആ ഫ്രെയിമിലൂടെയാണ് നാം ലോകത്തെ നോക്കി കാണുക. സ്ത്രീകളെല്ലാം അവിശ്വസ്തരാണ്, പുരുഷന്മാർ അധർമ്മികളാണ്, ആരെയും വിശ്വസിക്കാൻ കൊള്ളില്ല, എല്ലാവരും കള്ളന്മാരാണ് എന്നൊക്കെപറയുന്നവരെ നാം കാണാറുണ്ട്. അവർക്കൊക്കെ ഉണ്ടായിട്ടുള്ള അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നിന്ന് ഉരുത്തിരിയുന്ന ഇത്തരം ഫ്രെയിമുകളിലൂടെയായിരിക്കും അവർ സ്ഥിരമായി ജീവിതത്തെ നോക്കി കാണുക.

ഇത്തരം ശക്തമായ ധാരണകൾ നമ്മുടെ ജീവിതത്തെ മാറ്റിമറിക്കും. സ്ത്രീകളുടെ ആരുടെയെങ്കിലും അവിശ്വസ്തത കാണാനിടയായ ചെറുപ്പക്കാരൻ വിവാഹം കഴിച്ചുകഴിഞ്ഞാൽ നിരപരാധിയായ ഭാര്യയെ സംശയിച്ചുവെന്നു വരാം. കാരണം സ്ത്രീകൾ അവിശ്വസ്തരാണ് എന്ന കാഴ്ചപ്പാടിലൂടെയാണ് അയാൾ ലോകത്തെ കാണുക. അമിതമായ ശിക്ഷയും വിമർശനവും അവഗണനയും ബാല്യകാലത്ത് ഏറ്റിട്ടുള്ളവർ വിമർശിക്കുന്നവരൊക്കെ ശത്രുക്കളാണെന്ന ധാരണ മനസ്സിൽ സൃഷ്ടിച്ചു വയ്ക്കും. തന്മൂലം ക്രിയാത്മകമായി വിമർശിക്കുന്നവരെപ്പോലും അവർ ശത്രുക്കളായിക്കണ്ട് അക്രാമസക്തരായി എതിർത്തു എന്നു വരാം. അതുകൊണ്ട് ഏതെങ്കിലും രംഗത്ത് അമിതമായി പ്രതികരണം നമുക്കുണ്ടെന്ന് തോന്നിയാൽ അതിന്റെ ഉറവിടം കണ്ടെത്തി സൈക്കോതെറാപ്പിയിലൂടെ അതിനെ വേരോടെ പിഴുതെറിയുവാൻ കഴിഞ്ഞാലേ സന്തുലിതാവസ്ഥ കൈവരിക്കുവാൻ കഴിയൂ. നല്ല അനുഭവങ്ങളുള്ളവർ ജീവിതത്തെ സമചിത്തതയോടെ നോക്കി കണ്ട് സ്വസ്ഥമായി ജീവിക്കും. അല്ലാത്തവർ തങ്ങളുടെ താളപ്പിഴ കണ്ടുപിടിച്ച് ദുരീകരിച്ചാൽ അവർക്കും സമാധാനമുണ്ടാകും. അതിന് ശ്രമിക്കാതിരുന്നാൽ പലതരം ഭവിഷ്യത്തുകൾക്കും കാരണമാകും. ഉള്ളിലുള്ള പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളും മറക്കാൻ മനപൂർവ്വം ആഗ്രഹിക്കുന്ന അനിഷ്ടഅനുഭവങ്ങളും മുറിവേറ്റ സംഭവങ്ങളും എത്ര പൂഴ്ത്തിവയ്ക്കാൻ ശ്രമിച്ചാലും പുറത്തുചാടി അനർത്ഥങ്ങളുണ്ടാക്കും എന്നതിനാൽ അവയിൽ നിന്ന് മോചനം നേടാൻ കൗൺസിലിംഗിലും സൈക്കോതെറാപ്പിയിലും അഭയം പ്രാപിക്കുന്നത് ഉചിതമാണ്.

റസൂൽ പൂക്കുട്ടിക്ക് ഓസ്ക്കാർ അവാർഡ് കിട്ടിയതിനെപ്പറ്റി അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ആർക്ക് വേണമെങ്കിലും പത്ത് പതിമൂന്നു വർഷക്കാലം ഒരേ സ്വപ്നം മാത്രം മനസ്സിലിട്ടുകൊണ്ട് അതിനെപ്പറ്റി മാത്രം ചിന്തിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യാൻ കഴിഞ്ഞാൽ ഇത്തരം നേട്ടങ്ങൾ നേടാനാകും എന്നാണ്. അതുകൊണ്ട് സ്ഥിരമായ ഒരു സ്വപ്നം ഉണ്ടാകുക എന്നതാണ് വളർച്ചക്ക് അനിവാര്യമായ ഒരു ഘടകം. കുട്ടികൾ ഭാവിയിൽ എന്താകാൻ ആഗ്രഹിക്കുന്നുവോ അതിനെപ്പറ്റി വ്യക്തമായ ഒരു ധാരണയുണ്ടാക്കി അതുസ്വപ്നം കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ തുടങ്ങുമ്പോൾ മനസ്സിന്റെ അജ്ഞാതമണ്ഡലങ്ങളിൽ നിന്നും അതിനുള്ള ഊർജ്ജവും അനന്തസാദ്ധ്യതകളും പൊട്ടിപ്പുറപ്പെട്ട് ലക്ഷ്യസ്ഥാനത്തിന് വഴിയൊരുക്കും. മറിച്ച് വ്യക്തമായ ലക്ഷ്യമില്ലാതിരിക്കുകയോ ലക്ഷ്യങ്ങൾ മാറിക്കൊണ്ടിരിക്കുകയോ ചെയ്താൽ



അവ്യക്തത മൂലം മനസ്സിന് പ്രവർത്തിക്കാൻ കഴിയാതെ വരും.

രോഗത്തെ ഭയക്കുന്നവർ നിരന്തരം രോഗഭയം മനസ്സിൽ കൊണ്ടുനടന്നാൽ അവർ ഭയക്കുന്ന രോഗം വരാൻ മനസ്സ് സഹായിക്കുമെന്നാണ് മനശാസ്ത്രം പറയുന്നത്. മറിച്ച് രോഗം വരികയില്ലന്നോ വന്നാൽ പൂർണ്ണമായും മാറുമെന്നോ ശക്തമായും നിരന്തരമായും വിശ്വസിക്കുന്നവർക്ക് അതിനുള്ള ക്രമീകരണങ്ങളും മനസ്സ് ചെയ്തുകൊടുക്കും. വിശ്വാസമെന്ന് പറയുന്നതും ഇതുതന്നെയാണ്. യുക്തിയെ മാറ്റിവച്ച് പൂർണ്ണ കീഴടങ്ങൽ മനോഭാവത്തോടെ ലഭിക്കുമെന്ന ഉറപ്പിൽ മനസ്സിലേയ്ക്ക് കടത്തിവിടുന്ന അർത്ഥനകൾ മനസ്സ് ഉറപ്പായും ചെയ്തുതരുമെന്ന് മനശ്ശാസ്ത്രവും ദൈവശാസ്ത്രവും ഒരുപോലെ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. വിട്ടുകൊടുത്ത് വിശ്വസിക്കാനുള്ള ചങ്കുറപ്പ് ദൈവകൃപയാലേ ലഭിക്കുകയൊള്ളൂ. നാം യുക്തിക്കു കീഴ്പ്പെട്ട് ഭയത്തിനടിമയായാൽ വിശ്വാസത്തിന്റെ തുടർച്ച പൊട്ടിപ്പോവുകയും പ്രാർത്ഥന ഫലിക്കാതെ പോകുകയും ചെയ്യും. വിട്ടുകൊടുത്തു വിശ്വസിക്കുന്നവർ ഫലം ദർശിക്കും.

മനുഷ്യന്റെ ഉള്ളിൽ അനന്തമായ ശക്തി കുടികൊള്ളുന്നുണ്ട്. രോഗശാന്തിക്കും ലക്ഷ്യപ്രാപ്തിക്കും നേട്ടങ്ങൾക്കും ഒക്കെയുള്ള കഴിവുകൾ എല്ലാവരിലും നിക്ഷിപ്തമാണ്. പക്ഷെ ദൈവം സ്നേഹമായതുകൊണ്ട് നമ്മുടെ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തിൽ കൈകടത്തുകയില്ല. അതുകൊണ്ട് പാപം ചെയ്യുന്നതിൽ നിന്നു പോലും നമ്മെ തടയുന്നില്ല. നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഫലമാണ് പലപ്പോഴും നാം അനുഭവിക്കുക. ശാപവും വിദ്വേഷവും പ്രതികാരചിന്തയും മനസ്സിൽ കൊണ്ടുനടന്ന് അതിന്റെ പ്രവർത്തനങ്ങളായ രോഗവും നാശവും നാം നമുക്കു തന്നെ നേടിയെടുക്കുന്നു. മറിച്ച് നന്മയും ശുഭചിന്തയും അനുഗ്രഹവും സദാ മനസ്സിൽ സൂക്ഷിച്ചാൽ ഇവ നമുക്കു സംഭവിക്കും. ഇതിന് ഒട്ടും ഇടമുറിയാത്ത ഒരു ലക്ഷ്യബോധവും ഉറപ്പുമാണാവശ്യം. നിമിഷനേരത്തെ ചിന്തയുടെ വഴിതെറ്റൽ ലക്ഷ്യപ്രാപ്തിക്ക് തടസ്സമാകും. ഡോക്ടറാകാൻ തീരുമാനിച്ച് ആ സ്വപ്നം മനസ്സിൽ സൂക്ഷിക്കുന്ന ആൾ ഇടക്കിടക്ക് അതു വേണോ കൊള്ളാമോ കിട്ടിയില്ലെങ്കിലോ എന്നൊക്കെ ചിന്തിച്ചാൽ തുടർച്ച നഷ്ടപ്പെടുകയും ലക്ഷ്യം നേടാൻ കഴിയാതെ വരികയും ചെയ്യും. യേശു ദൈവമാണെന്ന് ഉറച്ചു വിശ്വസിച്ച പത്രോസ് പൂർണ്ണബോധ്യത്തോടെ കടലിനുമീതെ നടന്നു തുടങ്ങി. നിമിഷനേരത്തേയ്ക്ക് മനസ്സിലേയ്ക്ക് കടന്നുവന്ന ശങ്കയും ഭയവും വിശ്വാസത്തിൽ വിള്ളൽ വരുത്തുകയും പത്രോസ് വെള്ളത്തിലേയ്ക്ക് താഴുകയും ചെയ്തു. ഇതാണ് യഥാർത്ഥത്തിൽ അനുദിനം നമുക്കു സംഭവിക്കുക. വിശ്വസിച്ചാൽ മഹത്വം ദർശിക്കുമെന്നും ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കുമെന്നും പറയുന്നത് പാഴ്വാക്കുകളല്ല, നിത്യമായ സത്യവചസ്സുകളാണ്. രക്തസ്രാവക്കാരിയായ സ്ത്രീ ഇവൻ ദൈവപുത്രനാണെന്ന് മനസ്സിൽ ഉറച്ചു വിശ്വസിച്ചതുകൊണ്ട് വസ്ത്രത്തിൽ തൊട്ടപ്പോൾ സൗഖ്യം നേടി. വളരെ ദിവസങ്ങളായി മനസ്സിൽ വിശ്വസിച്ചുകൊണ്ട് ഒരു നിമിഷത്തേയ്ക്കു പോലും സംശയിക്കാതെ അവൾ നേടേണ്ടതു നേടി. അവളുടെ കാലത്ത് ജീവിച്ചിരുന്ന യേശുവിനെപ്പറ്റി അവിശ്വാസികൾ പറഞ്ഞിരുന്നതൊന്നും അവളുടെ മനസ്സിനെ വ്യതിചലിപ്പിച്ചിരുന്നില്ല എന്നതാണ് അവളുടെ നേട്ടത്തിന് പിന്നിലെ വിജയരഹസ്യം. നമുക്ക് നമ്മുടെ സകലവിധ അശുഭചിന്തകളേയും പറിച്ചുകളയാൻ കഴിയണം. സ്വയം സാധിക്കുന്നില്ലെങ്കിൽ സൈക്കോതെറാപ്പിസ്റ്റുകളുടെ സഹായം തേടാം. വിശ്വാസമുള്ളവർ ദൈവകൃപക്കായി പ്രാർത്ഥിച്ചാലും ഇത് സാധിക്കും. നമ്മുടെ മനസ്സിൽ നന്മയും ശുഭചിന്തയും കൊണ്ട് നിറയ്ക്കാം. നന്മ നൽകാം. നന്മ നേടാം. നന്മയുടേയും ദൈവസ്നേഹത്തിന്റേയും പ്രചാരകരാകാം..

# ഉപവാസം



**1993 ഏപ്രിൽ 1 –ാം തിയതി**
**ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ്**
**താൻ സ്ഥാപിച്ച**
**സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്**
**സന്യാസിനിസമൂഹാംഗങ്ങൾക്ക്**
**നല്കിയ**
**നോമ്പുകാല സന്ദേശത്തിൽ നിന്ന്.**

ഉപവാസം എന്നതു കൊണ്ട് അർത്ഥമാക്കുക ആദ്ധ്യാത്മികമായ ഉദ്ദേശ്യത്തോടെ എന്തെങ്കിലും ഉപേക്ഷിക്കുക. എന്നതാണ്.

ഉദാഹരണമായി, ഭക്ഷണം കഴിക്കുന്നത് നല്ലതാണ്, അതുപോലെ തന്നെ അത് ഒരു ആവശ്യവുമാണ്. ഭക്ഷിക്കാതിരിക്കുന്നതും, ദൈവത്തെപ്രതി നിയന്ത്രിതമായ ഭക്ഷണരീതി സ്വീകരിക്കുന്നതും ഉപവാസമാണ്. ആരോഗ്യത്തിന് ഹാനികരമാകാത്തവിധത്തിലുള്ള എല്ലാത്തരം ഉപേക്ഷകളും (പരിത്യാഗങ്ങൾ) ഉപവാസം ആണ്.

മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളിൽ ഒന്നാണ് ഭക്ഷണം. അതുകൊണ്ടാണ് അതിനെക്കുറിച്ച് കൂടുതലായി പറഞ്ഞിരിക്കുന്നത്. ഉപവാസവും ത്യാഗങ്ങളും ഒന്നും ആവശ്യമില്ല എന്ന് പ്രോട്ടസ്റ്റന്റുകാർ പറയുന്നു. അവരുടെ അഭിപ്രായത്തിൽ ഈശോ നമുക്കു വേണ്ടി വളരെയധികം സഹിച്ചതിനാൽ നമ്മുടെ ഉപവാസത്തിനോ, ത്യാഗപ്രവർത്തികൾക്കോ യാതൊരു അർത്ഥവും ഇല്ല.



ഇത് സത്യമാണ്. ഈശോയുടെ യോഗ്യതകൾ ആണ് അതിനെ വിലയുള്ളതാക്കിത്തീർക്കുന്നത്. പിന്നെ എന്തിനാണ് ഉപവാസം?.

ഈശോ തന്നെ പറഞ്ഞിട്ടുണ്ട്, നിന്നെത്തന്നെ പരിത്യജിക്കുക, അല്ലാത്തപക്ഷം നിനക്ക് എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കില്ല. പരിത്യാഗങ്ങളില്ലാതെ ഒരു യഥാർത്ഥ ക്രിസ്തീയജീവിതം സാധ്യമല്ല. അതിനാൽ ത്തന്നെ തിരുസഭ അതിൽ നിന്നും ഒരു നിയമം ഉണ്ടാക്കി, നിന്നെത്തന്നെ പരിത്യജിക്കുക, നിന്റെ കുരിശ് വഹിക്കുക.

ഇപ്പോൾ നമ്മൾ വിശുദ്ധ കുരിശിനെക്കുറിച്ചാണ് സംസാരിക്കുന്നത്. എന്നാൽ ഈശോയ്ക്കു മുൻപ് കുരിശ് എന്നത് ഏറ്റവും നിന്ദ്യവും ഭയാനകവുമായ ഒരു ശിക്ഷയായിരുന്നു. കുരിശുമരണത്തിനു വിധിക്കപ്പെടുക എന്നത് മനുഷ്യനുതന്നെ ഒരു വലിയ ആഘാതത്തിന് കാരണമായിരുന്നു, ഇന്നത്തെക്കാലത്ത് കുരിശ് എന്നുകേട്ടാൽ ആരും തന്നെ ഞെട്ടുകയില്ല. ഇന്ന് അത് ഭക്ത്യാദരങ്ങളോടെയാണ് കരുതപ്പെടുന്നത്.

ഇന്നത്തെക്കാലത്ത് ഈശോ നമ്മുടെയിടയിൽ ജീവിച്ചിരുന്നെങ്കിൽ അവിടുന്ന് കുരിശിനു പകരം "നിങ്ങളുടെ പ്രശ്നങ്ങളുമെടുത്ത് എന്നെ അനുഗമിക്കുക, അല്ലാത്ത പക്ഷം നിങ്ങൾക്ക് എന്റെ ശിഷ്യനായിരിക്കുവാൻ സാധ്യമല്ല", എന്നു പറയുമായിരുന്നു. നോമ്പുകാലത്തുള്ള എന്റെ തീരുമാനങ്ങൾ ഇപ്രകാരം ആയിരിക്കും. എന്റെ അനുദിനജീവിതത്തിലെ പ്രശ്നങ്ങൾ ഞാൻ വഹിക്കും, അതാണ് എന്റെ കുരിശ്, ഞാൻ മറ്റൊന്നിനുവേണ്ടി കാത്തുനിൽക്കുകയില്ല.

ഇന്നത്തെക്കാലത്തിന്റെ ചിന്താഗതി നോക്കാം. ക്രിസ്ത്യാനികളാണ് എന്നാൽ പരിത്യാഗങ്ങൾ ഇല്ല. കാരണം അത് പുരോഗതിക്ക് തടസ്സമാകുന്നു. എന്നാൽ മാനുഷിക പുരോഗതി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?. വി.ഫ്രാൻസീസ് തന്റെ പ്രകൃതിയെ, തന്റെ ശരീരത്തെ കഴുത എന്നാണ് വിളിച്ചിരുന്നത്. കൂടുതലായി തിന്നുവാനും ഉറങ്ങുവാനും ആഗ്രഹിച്ചിരുന്നപ്പോഴൊക്കെ അദ്ദേഹം പറയുമായിരുന്നു. കഴുതേ നീ ആവശ്യത്തിനു കഴിച്ചു, ആവശ്യത്തിന് ഉറങ്ങി, കഴുതേ ഉണരുക.

മറ്റൊരു ഉദാഹരണം:

ഒരു എഴുത്തു കിട്ടി, നമ്മുക്ക് വളരെ ആകാംക്ഷയാണ്. അതിലെ വിവരങ്ങൾ അറിയുവാൻ നമ്മെത്തന്നെ നിയന്ത്രിച്ചു കൊണ്ട് നമുക്ക് പറയുവാൻ സാധിക്കണം. വേണ്ട ഒരു മണിക്കൂർ കഴിഞ്ഞിട്ടേ ഞാൻ ഇത് തുറക്കുകയുള്ളു. നിസ്സാരമായ ഒരു കാര്യം. പക്ഷേ ഇത് വളരെ കഠിനമായ ഒരു ത്യാഗമാണ്. നിശബ്ദത പാലിക്കുവാനുള്ള സമയം. വളരെ രസകരമായ ഒരു കാര്യത്തെക്കുറിച്ച് പറയുവാൻ തോന്നുന്നു. വളരെ താത്പര്യത്തോടെ പറയുവാൻ തുടങ്ങുന്നു. അത് എന്റെ നാവിൽ കത്തിനിൽക്കുകയാണ്. കഴുതേ ഇപ്പോൾ വേണ്ട. നിശബ്ദത പാലിക്കുക. പിന്നീട് നിനക്ക് സംസാരിക്കാം. സമൂഹത്തിൽ ആരും സംസാരിക്കുന്നില്ലാത്ത ഒരു സാഹചര്യം എല്ലാവരും എന്തോ Bad mood "ലാണ്. അപ്പോൾ സംസാരിക്കുക. തമാശയോടുകൂടിയ ഒരു വാക്കോ, കമന്റോ സമൂഹത്തിന്റെ മുഴുവൻ അരക്ഷിതാവസ്ഥയെ മാറ്റുവാൻ പര്യാപ്തമായിരിക്കും.

ഇത് പരിത്യാഗത്തിന്റെ ഒരു പ്രവൃത്തിയാണ്. അതുപോലെ തന്നെ സമൂഹജീവിതം മെച്ചപ്പെടുത്തുവാനുള്ള ഒരു പ്രവൃത്തിയും. എല്ലാം നിസ്സാരങ്ങളായ കാര്യങ്ങൾ. പക്ഷേ ഇവയെല്ലാം നമ്മുടെ കഷ്ടപ്പാടിന്റെ സമയങ്ങളിൽ നമുക്ക് ശക്തി പകരും. ഒരുവൻ തന്നെത്തന്നെ എത്രമാത്രം ശൂന്യമാക്കുന്നുവോ അത്രമാത്രം അവൻ നന്നായിവരും. വി. അഗസ്റ്റിൻ വളരെ നല്ല ഒരു ഉപദേശം നൽകുന്നുണ്ട്. അത് സന്തോഷത്തിലേക്കു നയിക്കുന്ന ഒരു താക്കോൽ കൂടിയാണ്. എപ്പോഴും കുറച്ചുമാത്രം ആഗ്രഹിക്കുന്നവന് എപ്പോഴും ആവശ്യത്തിനുള്ളത് ഉണ്ടായിരിക്കും. കൂടുതൽ ആഗ്രഹിക്കുന്നവന് ഒരിക്കലും ആവശ്യത്തിനുള്ളത് ഉണ്ടായിരിക്കുകയില്ല.

ലോകം (ലൗകികർ) പറയുന്നു: ഉള്ളവർ സന്തോഷിക്കുന്നു. ഈശോ പറയുന്നു: ഒന്നും ഇല്ലാത്തവൻ സന്തോഷിക്കുന്നു. നേരെ വിപരീതം. ലോകം പറയുന്നു: ലോകത്തിന്റെ സുഖങ്ങളും സന്തോഷങ്ങളും ആസ്വദിക്കുന്നവൻ ഭാഗ്യവാൻ. ഈശോ പറയുന്നു: ദു:ഖിതർ ഭാഗ്യവാന്മാർ - എന്തെന്നാൽ അവർ സന്തോഷിക്കും. ലോകം പറയുന്നു: നിങ്ങളുടെ കൂട്ടുകാരെ സ്നേഹിക്കുക, നിങ്ങളുടെ ശത്രുക്കളെ വെറുക്കുക. അത് നീതിയായിരിക്കും. ശത്രുക്കളായവർക്ക് നന്മചെയ്താൽ അവർ കൂടുതൽ ധൈര്യവാന്മാരാകുകയും കൂടുതൽ അനീതിപ്രവർത്തിക്കുകയും ചെയ്യും. ഈശോ പറഞ്ഞു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. അവനെ അനുഗ്രഹിക്കുവിൻ.

ലോകാരൂപിയും, ദൈവാരൂപിയും ഏതെന്ന് വിവേചിച്ചറിഞ്ഞ് പ്രശ്നങ്ങളുടെ, പ്രതിസന്ധികളുടെ നടുവിൽ തീരുമാനങ്ങളെടുക്കുവാൻ നമ്മെത്തന്നെ പ്രാപ്തരാക്കുന്നവിധം സ്വയമേവ എന്തെങ്കിലും പരിത്യജിക്കുക, (ഉപേക്ഷിക്കുക) എന്നതാണ് ഉപവാസം എന്നതുകൊണ്ട് വ്യാപകമായ അർത്ഥത്തിൽ മനസ്സിലാക്കുന്നത്. എന്തുകൊണ്ടാണ് ഇന്ന് ഉപവാസം വലിയ കർശന രീതിയിൽ അല്ലാതിരിക്കുന്നത്. ഉപവാസത്തിൽ നിന്നുള്ള മാറ്റി നിർത്തലല്ല. പുതിയ രീതിയിലുള്ള ഉപവാസമാണ് പരിശീലിക്കുന്നത് (അഭ്യസിക്കുന്നത്). ഏതൊക്കെയാണ് പുതിയ രീതികൾ.

അനുദിന സമൂഹത്തിലുള്ള കഷ്ടപ്പാടുകൾ അംഗീകരിക്കുക, ജോലിസ്ഥലത്ത് മറ്റുള്ളവരുമായുള്ള ബന്ധത്തിലെ വിഷമതകൾ സ്വീകരിക്കുക, പ്രഭാതത്തിൽ കൃത്യമായി പെട്ടെന്നു തന്നെ ഉണർന്ന് എഴുന്നേൽക്കുക, മടിപിടിച്ചിരിക്കുവാൻ തോന്നുമ്പോൾ ജോലി ചെയ്യുക, ദേഷ്യപ്പെട്ടിരിക്കാൻ തോന്നുന്നുമ്പോൾ ചിരിക്കുക, നീ തനിയെ ആയിരുന്നാലും കൃത്യനിഷ്ഠ പാലിക്കുക, ഏറ്റം ചുരുങ്ങിയതുകൊണ്ട് കൊണ്ട് തൃപ്തിപ്പെടുക, സംസാരിക്കുവാൻ തോന്നുമ്പോൾ മൗനം പാലിക്കുക, മൗനം പാലിക്കാൻ തോന്നുമ്പോൾ സംസാരിക്കുക, ക്ഷമിക്കുക, നമുക്ക് തിരുത്തുവാൻ സാധിക്കുന്നതല്ല എങ്കിൽ മറ്റുള്ളവരിലെ പെരുമാറ്റത്തിലുള്ള ക്രമക്കേടുകൾ വഹിക്കുക, മറ്റുള്ളവർക്ക് അസഹ്യതയ്ക്ക് അഥവാ തടസ്സത്തിനു കാരണമാകുന്നുവെങ്കിൽ ഞാൻ ഇഷ്ടപ്പെടുവാൻ ആഗ്രഹിക്കുന്നത് ചെയ്യാതിരിക്കുക, ഒരു തരത്തിലും പ്രതികാരം ചെയ്യരുത്. ഇതെല്ലാം ഒരു തരത്തിലുള്ള ഉപവാസമാണ്. പരിത്യാഗമാണ്.

ഓരോ ആശ്രമത്തിലും കോൺവെന്റിലും ഒരു പ്രത്യേക സമയം ഉണ്ട് മൗനത്തിന്. മൗനസമയം കൂടുതലായി എപ്പോഴും നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുന്ന ദൈവത്തെ കുറേക്കൂടി കൂടുതലായി ശ്രവിക്കാനും അങ്ങനെ കൂടുതലായും അവിടുത്തെ സാന്നിധ്യാവബോധത്തിൽ വളർന്നു വരുവാനുമുള്ള അവസരമാണ്."സന്യാസമൗനം" എന്നാണ് ഇത് വിളിക്കപ്പെടുക. എന്നാൽ വളരെ കഷ്ടം! ഏറ്റം കൂടുതൽ അവഗണിക്കപ്പെടുന്ന ഒരു നിയമമാണിത്.

നാവടക്കി വയ്ക്കുന്നതുകൊണ്ടു മാത്രം അത് സന്യാസമൗനമാകണമെന്നില്ല. എന്നാൽ സന്യാസമൗനം അരംഭിക്കേണ്ടത് നാവടക്കം പാലിച്ചുകൊണ്ടാണ്. അതിലൂടെ പൂർണ്ണഹൃദയത്തോടെ ദൈവത്തിലേക്കു തിരിയുവാൻ സാധിക്കും. നാം സ്വയം തിരഞ്ഞെടുക്കുന്ന ത്യാഗങ്ങളെക്കാളും കൂടുതൽ ശ്രേഷ്ഠമായിട്ടുള്ളത് ഓരോ സാഹചര്യത്തിലൂടെയും നമ്മൾ അഭിമുഖീകരിക്കുന്നതും നമുക്ക് നിർദ്ദേശിച്ചുതരുന്നതുമായ ത്യാഗങ്ങളെ സന്തോഷത്തോടെ സ്വീകരിക്കുന്നതാണ്.

# നാട്ടിൻപുറം നന്മകളാൽ സമൃദ്ധമോ?.



വിപിൻ വി. റോൾഡന്റ്
കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്

**കാ**ലാകാലങ്ങളായിട്ടുള്ള കൺഫ്യൂഷ നാണ് നന്മ കൂടുതൽ നഗരത്തിലോ നാട്ടിപുറത്തോ എന്ന്. കവി ഹൃദയവും കലാഹൃദയവും പ്രസംഗിക്കാൻ വേണ്ടി മാത്രം ജീവിക്കുന്ന പ്രഭാഷണതൊഴിലാളികളും സംസ്ക്കാരം ഉദ്ധരിക്കാൻ രാപ്പകൽ അദ്ധ്വാനിക്കുന്ന സാംസ്ക്കാരിക ചേട്ടന്മാരും ചേടത്തിമാരും ആരുടേയും നേതാവല്ലെങ്കിലും ആരോ നേതാവെന്നു വിളിച്ച so called സാംസ്ക്കാരിക നായകന്മാരും കണ്ഠം പൊട്ടുമാറ് കണ്ണുമടച്ചു വിളിച്ചു കൂവുന്നത് 'ഗ്രാമം കേമം' എന്നൊക്കെയാണ്. നഗരം നരകമെന്നും, വായു മലിനമെന്നും, പട്ടണം പറ്റിക്കലെന്നും, നഗരജീവിതം കോഞ്ഞാട്ടയെന്നും, വെള്ളം അഴുക്കെന്നും, തിരക്കും പൊടിയും നിറഞ്ഞ നഗരദിനങ്ങൾ ദുഃസ്സഹമെന്നും ചിലർ പറഞ്ഞു. ചിലത് നമ്മൾ അനുഭവിച്ചറിഞ്ഞു. സത്യമില്ലാതില്ല, കഷ്ടപ്പാടുകൾ ബ്ലോക്കായും തിരക്കായും നാം കാണാറുമുണ്ട്, കൊള്ളാറുമുണ്ട്. എന്നാൽ പട്ടണത്തിൽപ്പെട്ടവർ, സിറ്റി കണ്ടുപോയവൻ മേൽപ്പറഞ്ഞ പ്രശ്നങ്ങളെല്ലാം നിറഞ്ഞ നഗരത്തെ വിട്ട് 'തിരികെ ഞാൻ വരുമെന്ന വാർത്ത കേട്ട്' എന്ന പാട്ടും പാടി ഗ്രാമത്തിലേയ്ക്കു തിരിച്ചു പോകുന്നുമില്ല. ജോലി, അവസരം, ജീവിതനിലവാരം, മികച്ച വിദ്യാഭ്യാസം, ആശുപത്രി സംവിധാനങ്ങൾ തുടങ്ങിയ ഒട്ടനവധി ആകർഷക ഘടകങ്ങളാകാം ഇടക്കിടെ പൈപ്പുപൊട്ടി വെള്ളം പോലും കുടിപ്പിക്കാത്ത 'നരക'ത്തിൽ ജീവിതം തുടരാൻ മലയാളിയെ പ്രേരിപ്പിക്കുന്നത്.

ഇതൊക്കെ സൗകര്യങ്ങൾ, സാധ്യതകൾ, വികസന വിസ്ഫോടനങ്ങൾ... അതൊക്കെപോട്ടെ ഞാൻ ഉറക്കെ ആത്മഗതം ചെയ്ത ചോദ്യം 'പിറന്നപടി' ആദ്യഭാഗത്ത് തന്നെ നില്ക്കുകയാണ്. നന്മ കൂടുതൽ എവിടെയാണെന്ന്? നാട്ടിൻ പുറത്തോ അതോ നഗരത്തിലോ?. ശുദ്ധവായു ശ്വസിച്ച്, ശുദ്ധജലം കുടിച്ച്, ശുദ്ധഭക്ഷണം കഴിച്ച് ജീവിച്ചാൽ ശുദ്ധമനസ്സ് കിട്ടുമോ?. കിട്ടുമെങ്കിൽ നാട്ടിൻപുറത്ത് ജീവിക്കുന്നവരെല്ലാം നിഷ്കളങ്കരും കറയറ്റവരുമാണോ? കുറ്റം പറയാത്ത, പാരവയ്ക്കാത്ത, അന്യന്റെ വളർച്ചയിൽ അസൂയതോന്നാത്ത, നെഗറ്റീവായി ചിന്തിക്കാത്ത ആളുകളുടെ ആസ്ഥാനകേന്ദ്രങ്ങളാണോ ഗ്രാമപ്രദേശങ്ങൾ?. എങ്കിൽ കാര്യങ്ങൾ എന്തെളുപ്പമായിരുന്നു!! കുറ്റംപറയുന്നവരെ ജയിലിലടക്കുന്നതിനു പകരം ഗ്രാമസേവനം നിർബന്ധിതമാക്കിയാൽ മതിയായിരുന്നു!!!. എന്തെളുപ്പം.

കവി പാടി 'നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' എന്ന്. കവിക്ക് എന്തും പാടാമല്ലോ!!. തെറ്റു പറയരുതല്ലോ കവി പാടിയ സമയത്ത് നാട്ടിൻ പുറങ്ങൾ 'ഫുൾസെറ്റപ്പിലായിരുന്നിരിക്കും'. ഇന്നും ആ സെറ്റപ്പുണ്ടോ എന്നേ സംശയമുള്ളൂ. ങേ ഇതെന്താ പതിവില്ലാതെ സൈക്കോളജിസ്റ്റ് നാട്ടിൻ പുറത്തിനിട്ട് ഗോളടിക്കുകയാണോ ഇങ്ങേർക്കിതെന്തുപറ്റി എന്നുവിചാരിച്ച് തല ച്ചോറിന് പണികൊടുക്കണ്ടാട്ടോ, പതിവുപോലെ അങ്ങുവിട്ടേരേ.. അധികം ഉപയോഗിക്കാത്ത ആ പാവം ഇന്ത്യൻ തലയെ. ഞാൻ നാട്ടിൻപുറവിരോധിയോ നഗരവിരോധിയോ അല്ലാട്ടോ. ഒരു കുഗ്രാമത്തിൽ ജനിച്ച് നഗരത്തിൽ താമസിക്കുന്ന ഒരു സാധാരണക്കാരൻ മാത്രം.'മ്മക്ക് രണ്ടും ഇഷ്ടാ'.

പക്ഷേ മേല്പ്പറഞ്ഞ കവിവാക്യം നാടും നഗരവും കണ്ടു കൊണ്ടിരിക്കുന്നവരിലൊരാൾ എന്ന നിലയിൽ എന്നെ ഇരുത്തിയും കിടത്തിയും നടത്തിയും ചിന്തിപ്പിച്ചു. നന്മ നിറഞ്ഞ നാട്ടിൻ പുറത്തുകാരൻ മറ്റൊരു നന്മനിറഞ്ഞ ഗ്രാമവാസിയുടെ അതിർത്തി സ്നേഹപൂർവ്വം ക്ഷമയോടെ മാന്തു

ന്നത് ഞാൻ കണ്ടത് നഗരത്തിലല്ല, ഗ്രാമത്തിലാണ്!!!. നഗരവയർ നിറയ്ക്കാൻ ഗ്രാമകർഷകൻ നട്ടുവ ളർത്തിയ വാഴക്കുലകളും പച്ചക്കറികളും 'നാടൻ' എന്ന പേരിൽ വിറ്റഴിക്കും മുൻപ് ഒരു ഉളുപ്പുമില്ലാതെ ഫ്യൂരിഡാനിലും വിഷലായനിയിലും മുക്കിപ്പൊക്കി സിറ്റിയിലേയ്ക്കു കയറ്റി വിടുന്നതും 'നന്മ നിറ ഞ്ഞ ശ്രീനിവാസന്മാർ' തന്നെ. നഗരത്തിനു വേണ്ട 'ഇടുക്കി ഗോൾഡ്' കഷ്ടപ്പെട്ട് ഉദ്പാദിപ്പിച്ച് കയറ്റി വിടുന്നതും നാട്ടിൻപുറത്തുകാർ തന്നെ. തന്റെ അയൽവാസിയുടെ മക്കളുടെ കല്യാണം മുടക്കൽ കല യിൽ നിരന്തരപ്രാവീണ്യം തെളിയിച്ചിട്ടുള്ളവരിലും ഗ്രാമവാസികൾ മുമ്പിലാണ്. പട്ടണത്തിൽ അതിനെ വിടെനേരം....(പരസ്പരം അറിയത്തുപോലുമില്ലല്ലോ). നാട്ടിലെ വായനശാലകളും കലുങ്കുകളും ലോക സമാധാനത്തിന്റെ ചർച്ചകളാണ് വൈകുന്നേരങ്ങ ളിൽ നിരന്തരം നടത്തുന്നതെന്ന് വിശ്വസിക്കാൻ ഇത്തിരി കഷ്ടപ്പാടാണ്. അയൽ വീടുകളിലെന്തു നടക്കുന്നു, ആരുവന്നു, ആരുപോയി, ഇന്നുണ്ടാ ക്കിയ കറിയെന്ത്, മീൻ വറുത്തോ, കെട്ടിയവനും കെട്ടിയവളും തമ്മിൽ പിന്നാമ്പുറത്തിരുന്ന് പറഞ്ഞോ ണ്ടിരിക്കുന്നതെന്താണ്, വീടു പെയ്ന്റടിച്ചോ, ബൈക്ക് വാങ്ങിയോ, വീട്ടിലെന്തൊക്കെയുണ്ട്, എന്തൊ ക്കെയില്ല തുടങ്ങി പലതും എത്തിനോക്കിയും മണത്തുനോക്കിയും ഒളിഞ്ഞുനോക്കിയും കണ്ടെത്തു ന്നവരേയും ഗ്രാമങ്ങളിൽ കാണാം. മദ്യാസക്തി എല്ലായിടത്തും ഒരു പോലെയൊക്കെത്തന്നെ. നാടും നഗരവും same. വീതികുറഞ്ഞ വഴികൾ നിറഞ്ഞ നാട്ടുമ്പുറവാസികൾ പുരോഗമന ആശയങ്ങളോടു പലപ്പോഴും വീതികുറഞ്ഞ മനസ്സും കാണിച്ചു പോകുന്നു. പിടിവാശിയും പ്രശ്നപരിഹാരമായി പൂരപ്പാട്ടും സുലഭം. നാട്ടിൻപുറത്ത് ജനിക്കുകയും പുറം ലോകത്തു പോയി ജോലിചെയ്യുകയോ ജീവിക്കുകയോ ചെയ്യാൻ അവസരം കിട്ടാത്തവരു മായവരെ സഹകരിപ്പിച്ചു കൊണ്ടുപോകാനും പാട്. അയൽവാസിപ്പെണ്ണ് അയൽവാസിച്ചെക്കനോടു മി ണ്ടിയാൽ അവർ തമ്മിൽ 'ചിന്ന ചിന്ന ആശൈ' ആണത്രേ. പറമ്പിലെ തേങ്ങയും അടയ്ക്കയും പുളിയും മാങ്ങയും ഉടമസ്ഥന്റെയല്ല. ആരാദ്യം വന്നെടുക്കുന്നോ അവന്റെയത്രേ!!. ഗ്രാമവിശേഷങ്ങൾ തുടരുന്നു..

കല്യാണത്തിനും മരിച്ചടക്കിനും അനുബന്ധ സദ്യകൾക്കും കർമ്മങ്ങൾക്കും ഇത്രയധികം സഹക രിക്കുന്നവർ ഗ്രാമവാസികളല്ലാതെ മറ്റാരുമല്ല. ഏത് സദ്യയ്ക്കും പണികൾക്കും അവർ മുമ്പിൽത്തന്നെ. സ്നേഹത്തിന് ഒരു കുറവുമില്ല. പക്ഷേ എന്തെങ്കിലും ഒരു സ്വപ്ന പദ്ധതി പട്ടണം കാണാത്ത നാട്ടിൻ പുറത്തെ സുഹൃത്തിനോട് ഒന്നു പറഞ്ഞു നോക്കൂ. എല്ലാം കേട്ടിട്ട് ഒരൊന്നൊന്നര ചിരിയോടെ അവർ മിക്കവാറും പറയും 'ഇതൊന്നും നടക്കില്ലടാ വേണ്ട. വേറെ പണിയൊന്നൂല്ലേ'.... എന്ന്.

മതരാഷ്ട്രീയ കൊലപാതകങ്ങളും വീട് കത്തി ക്കലും സംഘടനങ്ങളും കത്തിക്കുത്തും നാട്ടിൻപുറ സ്പെഷ്യൽ. നന്മകളാൽ നിറയപ്പെടുന്നതെന്നു കരുത പ്പെടുന്ന നാട്ടിൻപുറത്തുനിന്നൊക്കെയാണ് 'അയൽ വാസി ഒരു ദരിദ്രവാസി' പ്രയോഗവും ഉയർന്നു വന്നത്. കൺസൾട്ടേഷനു വരുന്നവർ മിക്കപ്പോഴും ആവർത്തിച്ചു പറയുന്ന ഒരു വാചകമാണ് 'നാട്ടുമ്പുറമല്ലേ സാർ' ഒരു പ്രത്യേക മൈൻഡ് ആണ്, ബന്ധുക്കളുടേയും നാട്ടു കാരുടേയും. കോംപ്ലക്സ് പിടിച്ച ചിന്തകളാണ് മിക്ക വർക്കും..

സാമൂഹ്യ മനഃശാസ്ത്ര തത്വങ്ങൾ (social Psychology) പ്രകാരം നല്ലതും ചീത്തയും എവിടെയുമുണ്ട്. നഗരം നാടിന്റെ നന്മകളും നാട് നഗരത്തിന്റെ നന്മകളും സ്വന്തമാക്കിയാൽ ഗംഭീരം. പക്ഷേ, പലപ്പോഴും സ്വന്ത മാക്കപ്പെടുന്നത് തിന്മകളാണ്. നന്മയേക്കാൾ തിന്മ ആകർഷിക്കപ്പെടുന്ന ട്രെൻഡാണല്ലോ എല്ലായിടത്തും.

നഗരവും നാട്ടുമ്പുറവും നന്മയാണ്. നമ്മുടെ മനസ്സ് നല്ലതായിരുന്നാൽ. നഗരനാട്ടുമ്പുറ ഭേതമന്യേ നാമെവിടെ വസിച്ചാലും നമ്മുടെ വ്യക്തിത്വത്തിന്റെ സ്ഥായീഭാവം നന്നായിരിക്കുക എന്നതാണ് അത്യാ വശ്യം. 'ഗ്രാമീണ സൗന്ദര്യത്തേയും' 'ഗ്രാമീണ നിഷ്കളങ്കതയേയും' ഒക്കെ കഷ്ടപ്പെട്ട് കണ്ടുപിടിച്ച് കല്യാണം കഴിച്ചവരോട് ചോദിച്ചുനോക്കിയാൽ അറിയാം അവർ ഹാപ്പിയാണോ എന്ന്. 'കറുത്തവർഗ്ഗക്കാർ' മോശം 'വെളുത്തവർഗ്ഗക്കാർ' നന്ന് എന്ന ഒരു സ്റ്റീരിയോ ടൈപ്പ് ചിന്ത യൂറോപ്യൻ രാജ്യങ്ങൾ വ്യാപകമായി പ്രചരി പ്പിച്ചിരുന്നു. മേൽക്കൈ നേടാനുള്ള ഒരു പ്രൊ പ്പഗാന്ത (Propaganda) മാത്രമായിരുന്നത്. 'സിനിമയിൽ വില്ലൻ വേഷം ചെയ്യുന്നവർ മോശം, നായകവേഷം ചെയ്യുന്നവർ നന്മ നിറഞ്ഞവർ.' അബദ്ധചിന്ത നമ്മളറി യാതെ തന്നെ നമ്മുടെ മനസ്സിലെവിടെയോ കിടപ്പുണ്ട്. അതാണ് നായകവേഷക്കാരുടെ പിന്നാലെയുള്ള ആരാധക ഓട്ടത്തിന്റെ മനഃശാസ്ത്രം. അടുക്കു മ്പോളറിയാം ആരാണ് നല്ലത്, മോശം എന്നൊക്കെ. പരസ്യതന്ത്രത്തിൽ കുടുങ്ങി ചില പ്രൊഡക്ടുകൾ വാങ്ങി വഞ്ചിതരാകാത്ത ഒരാളും ഉണ്ടാകാനിടയില്ല എന്നതും ഓർക്കുക.

'ചുരുക്കത്തിൽ നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' എന്ന ചൊല്ല് കേൾക്കാനും പറയാനും സുഖ മുള്ള ഒരു പരസ്യവാചകം പോലെയാണിപ്പോൾ. 'Gods own country'എന്ന് കേരളത്തെക്കുറിച്ച് നമ്മൾ ചുമ്മാ പറയുന്നതുപോലെ തന്നെ. പക്ഷേ, ഇത് അന്വർ ത്ഥമാക്കാൻപറ്റും സ്നേഹത്തിൽ വാർത്തെടുക്കുന്ന നമ്മുടെ ജീവിതം വഴിയായി. Scope ഉണ്ട് നന്മയിലേയ്ക്ക് തിരികെ പോകാൻ. 'കള്ളവുമില്ല, ചതിയുമില്ല, എള്ളോ ളമില്ല പൊളിവചനം' എന്ന് നമ്മുടെ പൂർവ്വികരേപ്പറ്റി പാടിയിട്ടുണ്ട് എന്ന് എന്തേലും പറയണേനും ചെയ്യണേ നും മുമ്പ് ഒന്നങ്ങട് ഓർത്താൽ മതി. ഒക്കെ ശരിയാകും.





സി. റീന എം

# പപ്പായ

ആകാശത്തിലെ കുരുവികളെ നോക്കുവിൻ അവ വിതക്കുന്നില്ല കൊയ്യുന്നില്ല കളപ്പുരയിൽ ശേഖരിക്കുന്നുമില്ല..... എങ്കിലും സർവ്വശക്തനായ ദൈവം അവയെ പോറ്റുന്നു. കുരുവികളെക്കാൾ എത്രവിലപ്പെട്ടവരാണ് നിങ്ങൾ..... അതേ, കുരുവികളെക്കാൾ വിലപ്പെട്ടവരാണ് നമ്മൾ.

ദൈവത്തിന്റെ കനിവിലൂടെ പ്രകൃതിയൊരുക്കുന്ന ഒരു സമ്മാനമാണ് പപ്പായ........... വളരെ സ്വാദിഷ്ടമായ ഫലമായതിനാൽ പക്ഷികൾ പെട്ടെന്ന് ആകർഷിക്കപ്പെടും.

നമ്മുടെ നാട്ടിൽ കപ്പളങ്ങ, കപ്പങ്ങ, കപ്പക്ക, ഓമക്ക, കർമൂസ് എന്നീ പേരുകളിലെല്ലാം അറിയപ്പെടുന്ന പപ്പായയുടെ തറവാട് അമേരിക്കയാണ്. ഏകദേശം 16 ാം നൂറ്റാണ്ടിലാണ് ഇത് നമ്മുടെ രാജ്യത്തിലേയ്ക്കു കടന്നു വന്നത്. 'Carica Papara' എന്നാണ് ഇതിന്റെ ശാസ്ത്രനാമം. പോർട്ടുഗീസുപേരായ ''പപൈയ്യ'' എന്നതിൽ നിന്നാണ് പപ്പായ എന്ന പേരുണ്ടായത്. പപ്പായ പല വ്യത്യസ്ഥ നിറങ്ങളിലും രൂപത്തിലുമുണ്ട്. രുചിയിലും ഇതിന്റെ വ്യതിരക്തത പ്രകടമാകുന്നു. ഇതിന്റെ പച്ചകൊണ്ടും പഴം കൊണ്ടും ധാരാളം വിഭവങ്ങൾ ഉണ്ടാക്കാമെങ്കിലും വേവിക്കാതെ കഴിക്കുന്നതിൽ ധാരാളം ഗുണം നിറഞ്ഞുനിൽക്കുന്നു.

ഇതിൽ വിറ്റാമിൻ A, C, ഫൈബർ, മഗ്നീഷ്യയം, പൊട്ടാസ്യം, കോപ്പർ എന്നിങ്ങനെ ധാരാളം വിറ്റാമിനുകളും മൂലകങ്ങളുംകൂടാതെ ആന്റി ഓക്സിഡന്റുകളുംഅടങ്ങിയിരിക്കുന്നതിനാൽ ഇത് ആരോഗ്യത്തിന് ഉത്തമമാണ്.

പപ്പായയിൽ ധാരാളം കരോട്ടിൻ അടങ്ങിയിരിക്കുന്നതിനാൽ ഔഷധമൂല്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. ശരീരത്തിന് ആവശ്യമായ ഒട്ടുമിക്ക രാസഘടകങ്ങളുടേയും ഉറവിടമാണ് പപ്പായ. കാൻസർ, പ്രമേഹം, ദുർമ്മേദസ്സ് തുടങ്ങിയ ജീവിതശൈലിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന രോഗങ്ങളെ തടയുവാനും ഒരു പരിധിവരെ ശമിപ്പിക്കുവാനും പപ്പായയ്ക്ക് കഴിവുണ്ട്. പക്ഷെ ഗർഭിണികൾ പപ്പായ കഴിക്കുന്നത് അബോർഷന് കാരണമായേക്കാം. ഇവയിൽ അടങ്ങിയിരിക്കുന്ന latex ഗർഭാശയം ചുരുങ്ങാൻ കാരണമായേക്കാം.





അതിസാരം, മൂത്രനാളിയിൽ ഉണ്ടാകുന്ന വ്രണങ്ങൾ, വീക്കം, രക്താർശസ്സ് എന്നീ രോഗങ്ങളെ ശമിപ്പിക്കാനുള്ള കഴിവ് പപ്പായക്കുണ്ട്. വിറ്റാമിൻ എ അടങ്ങിയതിനാൽ കണ്ണിന് ഇത് ഗുണം ചെയ്യുന്നു. പപ്പായയുടെ കായ്കൾ മാത്രമല്ല ഇലകളും പലരാജ്യങ്ങളിലും വേവിച്ചു കഴിക്കുന്നുണ്ട്. പപ്പായ രക്തസമ്മർദ്ദം കുറക്കുന്നു. പ്രത്യേകിച്ച് പച്ച പപ്പായ. ഇതിന്റെ ചറം (കറ) നല്ലൊരു അണുനാശിനിയാണ്. ''പപ്പയിൻ'' ''കൈമോ പപ്പയിൻ'' എന്നീ എൻസൈമുകൾ സൂഷ്മാണുക്കൾക്കെതിരെ പ്രവർത്തിക്കുന്നു.

ചൊറി, അൾസർ എന്നിവക്കെതിരെ മരുന്നായി ഉപയോഗിക്കുന്നു. മുറിവുണങ്ങാനും ഉത്തമം. മാംസം വേവിക്കുമ്പോൾ മൃദുവാകാൻ പച്ചപപ്പായ ഉപയോഗിക്കാം. ദഹനശക്തി വർദ്ധിപ്പിക്കാനും ഉദരരോഗങ്ങൾ മാറ്റാനും പപ്പായ വളരെ നല്ലതാണ്. പപ്പായയുടെ ചുവന്ന നിറത്തിനു കാരണമായ ''ലൈക്കോപ്പിൻ'' കാൻസറിനെ ഒരു പരിധിവരെ ചെറുക്കുന്നു. പപ്പായയുടെ വേരുപുഴുങ്ങിയ വെള്ളം മൂലക്കുരുവിനും സിഫിലിസ് രോഗത്തിനും ഉത്തമമാണ്. ശരീരം മൃദുവാകാൻ പഴുത്ത പപ്പായയുടെ തൊലിക്കും മാംസഭാഗത്തിനും കഴിവുണ്ട്. കൂടാതെ ശരീരകാന്തി വർദ്ധിപ്പിക്കാനും ഉപയോഗിക്കാം. പച്ച പപ്പായയുടെ നീര് മുഖക്കുരു, എക്സിമ ഇവയ്ക്ക് ഫലപ്രദമാണ്. പപ്പായയുടെ കുരുവിലുമുണ്ട് ഗുണമേറെ... കുരു ഉണക്കിപ്പൊടിച്ച് ഉപയോഗിച്ചാൽ വൃക്കയിലെ വിഷപദാർത്ഥങ്ങളെ പുറത്താക്കാനാകും. കൂടാതെ വിരശല്യത്തിനും ഫലം ചെയ്യുന്നു.

മനുഷ്യരെ ഡങ്കിപ്പനി കീഴടക്കിയപ്പോൾ സഹായഹസ്തവുമായി കടന്നു വന്നത് നമ്മൾ പലപ്പോഴും വിലമതിക്കാത്ത പപ്പായതന്നെയാണ്.

ഡങ്കിപ്പനി മൂലം രക്തത്തിലെ പ്ലേറ്റ്‌ലേറ്റിന്റെ എണ്ണം കുറക്കുന്നതിനെ പപ്പായയുടെ ഇലയുടെ സത്ത് പ്രതിരോധിക്കുകയും എണ്ണം കൂട്ടുകയും ചെയ്യുന്നു. പ്ലേറ്റ്‌ലറ്റുകളുടെ എണ്ണം കുറയുമ്പോൾ രക്തസമ്മർദ്ദത്തിനു വ്യത്യാസം ഉണ്ടാവുകയും ഇത് ഹൃദയസ്തംഭനത്തിനു കാരണമാകുകയും ചെയ്യും. പപ്പായ സത്തുകഴിക്കുന്നതുകൊണ്ട് ശരീരത്തിന് മറ്റു കുഴപ്പങ്ങൾ ഉണ്ടാകുന്നില്ലെന്നാണ് കാണുന്നത്. ഇങ്ങനെ ഭക്ഷണവും മരുന്നുമായി കപ്പളത്തിന്റെ എല്ലാഭാഗവും തന്നെ ഉപയോഗപ്പെടുത്താമെന്നറിയുമ്പോൾ ഇതുപോലൊന്ന് നമ്മുടെ തൊടിയിൽ വച്ചു പിടിപ്പിക്കുന്നത് അനുഗ്രഹമല്ലെ?.

# അർണോസ് പാതിരി: കേരളത്തിന്റെ അപ്പസ്തോലൻ



ഫാ. ജെയിംസ് പുലിയുറുമ്പിൽ

**അ**ർണോസ് പാതിരി എന്ന് മലയാളികൾ സ്നേഹപൂർവ്വം വിളിക്കുന്ന ജോൺ ഏണസ്റ്റ് ഹാൻക്സ് ലേഡൻ 1681 ൽ ജർമ്മനിയിലാണ് ജനിച്ചത്. 1699 ൽ പതിനെട്ടാം വയസ്സിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഉടനെ, നാടും വീടും ഉപേക്ഷിച്ച് പ്രേഷിത പ്രവർത്തനത്തിനായി അദ്ദേഹം കേരളത്തിലെത്തി. ഈ നാടിനെ സ്നേഹിച്ച് ഇവിടെ ജീവിച്ച് ഈ നാടിനും സഭക്കും സമൂഹത്തിനും വളരെയേറെ സംഭാവനകൾ ചെയ്ത് 1732 ൽ അദ്ദേഹം തൃശൂരിനടുത്ത് പഴുവിൽ അന്തരിച്ചു. അവിടെ സംസ്ക്കരിക്കപ്പെട്ടു. കവി, മിഷനറി, ബഹുഭാഷാപണ്ഡിതൻ ആദ്യ സംസ്കൃത വ്യാകരണ കർത്താവ്, ഇന്ത്യാ വിജ്ഞാനീയത്തിന്റെ പ്രാരംഭകൻ എന്നീ നിലകളിലെല്ലാം കേരളചരിത്രത്തിലും മലയാളികളുടെ മനസ്സിലും അദ്ദേഹം ഇന്നും ജീവിക്കുന്നു. മലയാളികൾക്ക്, പ്രത്യേകിച്ച് മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ഒരിക്കലും വിസ്മരിക്കാനാവാത്ത, കേരളത്തെ സ്വന്തം നാടാക്കി മാറ്റിയ ആ വലിയ വ്യക്തിയെ കേരളത്തിന്റെ അപ്പസ്തോലൻ എന്നുകൂടി വിശേഷിപ്പിക്കുന്നുണ്ട്.

മലയാളവും സംസ്കൃതവും ഒരു പോലെ ആഴത്തിൽ പഠിച്ച് രണ്ടിലും അനേകം ഗ്രന്ഥങ്ങൾ രചിച്ചയാളാണ് അർണോസ് പാതിരി. സംസ്കൃതം പഠിച്ച യൂറോപ്യന്മാരിൽ അഗ്രഗണ്യനായിരുന്നു അർണോസ് പാതിരി. അദ്ദേഹത്തിന്റെ സമകാലിക ഇന്ത്യക്കാരായ പണ്ഡിതരേക്കാൾ ആ ഭാഷയിൽ വ്യുത്പത്തി നേടിയ ആളായിരുന്നു എന്നാണ് മാക്സ് മ്യൂള്ളർ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. മലയാളത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞ എഴുത്തച്ഛന്റെ 'രാമായണ ഭാരത' കൃതി കഴിഞ്ഞാൽ അടുത്തസ്ഥാനം അർണോസ് പാതിരിയുടെ 'പുത്തൻപാന'യ്ക്കാണ് എന്നാണ് ഉള്ളൂർ പരമേശ്വരയ്യരുടെ അഭിപ്രായം. ഇന്ത്യയുടെ മഹത്വം പഠന വിഷയമായി യൂറോപ്പിൽ ജന്മം കൊണ്ട ഇന്ത്യാവിജ്ഞാനീയത്തിന്റെ (Ideology) ആദ്യകാലസാരഥിയാണ് അർണോസ് പാതിരി എന്ന് മറ്റൊരു പൗളീനോസ് പാതിരി (1748-1806) തന്നെ വിശേഷിപ്പിക്കുന്നുണ്ട്.

### കേരളയാത്ര

ജർമ്മനിയിലെ ഓസ്നാബ്രൂർക്കിലെ വളരെ പ്രശസ്തമായ 'കരോലീനും' എന്ന സ്കൂളിലായിരുന്നു 1692 മുതൽ 1699 വരെ ജോൺ ഏണസ്റ്റിന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം. നല്ല പുരോഹിതാർത്ഥികളെ വാർത്തെടുക്കുന്നതിനു വേണ്ടി മഹാനായ ചാൾസ് ചക്രവർത്തി എ.ഡി. 803 ൽ ആരംഭിച്ച സ്കൂൾ ഇന്നും അദ്ദേഹത്തിന്റെ പേരിൽ Carolinum എന്ന പേരിൽ നിലനിൽക്കുന്നു. 1643 മുതൽ ഈ സ്കൂൾ ഈശോസഭ വൈദികരുടെ മേൽനോട്ടത്തിലായിരുന്നു. സമ്പന്ന, പ്രഭുകുടുംബങ്ങളിലെ കുട്ടികൾക്കേ മധ്യകാല ഘട്ടത്തിലെ ഇത്തരം ചിലവേറിയ സ്കൂളുകളിൽ പഠനം സാധ്യമായിരുന്നുള്ളൂ. 1699 സെപ്റ്റംബറിൽ പഠനം പൂർത്തിയാക്കി ജോൺ ഏണസ്റ്റ് ഒക്ടോബറിൽ തന്നെ, കോഴിക്കോട് കേന്ദ്രമാക്കിയുള്ള ഈശോസഭയുടെ മലബാർ പ്രൊവിൻസിലേയ്ക്ക് ഫാ. വില്യം വേബ റോടൊപ്പം മിഷൻ പ്രവർത്തനത്തിനായി യാത്ര തിരിക്കുകയാണ്. യൂറോപ്പിലെ ഏത് സർവ്വകലാശാലയിലും തുടർ പഠനത്തിന് അവസരമുണ്ടായിരുന്ന ആളാണ് അത്, ത്യജിച്ച്, കേരളത്തിൽ സഭാസേവനം ചെയ്യാൻ തീരുമാനിച്ചിറങ്ങുന്നത്. 1699 ഒക്ടോബർ 3 ന് ജർമ്മനിയിലെ ഔഗ്സ്ബുർഗിൽ നിന്നും ആരംഭിച്ച യാത്ര ഒരു വർഷവും രണ്ട് മാസവും പത്ത് ദിവസവുമെടുത്തു ഇറ്റലി, മാൾട്ട, സൈപ്രസ്, സിറിയ, ടർക്കി, അർമേനിയ, പേർഷ്യയിലൂടെ കടന്ന് 1700 ഡിസംബർ 3 ഗുജറാത്തിലുള്ള സൂററ്റിലെത്താൻ.

## കേരളത്തിന്റെ സ്വന്തമാകുന്നു

1701 മുതൽ 1707 വരെയുള്ള കാലത്ത് അമ്പഴക്കാട്ടെ ഈശോസഭ സെമിനാരിയിൽ വൈദികപഠനം നടത്തിയ സമയത്തുതന്നെ അദ്ദേഹം മലയാളഭാഷയും കേരളസംസ്ക്കാരവും പഠിച്ചുതുടങ്ങി. കേരളമാഹാത്മ്യവും മാർത്തോമാക്രിസ്ത്യാനികളുടെ ക്രൈസ്തവപാരമ്പര്യവും നന്നായി മനസ്സിലാക്കാൻ, ഗ്രീക്കും ലത്തീനും നന്നായറിയാവുന്ന അദ്ദേഹം ഇന്ത്യയുടെ വേദഭാഷയായ സംസ്കൃതവും കൂടി പഠിക്കേതിന്റെ ആവശ്യകതമനസ്സിലാക്കി. സംസ്കൃതപഠനം എളുപ്പത്തിൽ സാധ്യമാക്കുവാൻ അദ്ദേഹം അമ്പഴക്കാട്ടുനിന്നും സംസ്കൃതകേന്ദ്രമായ തൃശൂർ അടുത്തുള്ള വേലൂരിൽ താമസിച്ച് ഹിന്ദുപണ്ഡിതന്മാരിൽ നിന്നും നേരിട്ട് സംസ്കൃതം പഠിച്ചു. വാസുദേവകവിയുടെ 'യുധിഷ്ഠിര വിജയ'ത്തിന് ഒരു വ്യാഖ്യാനമാണ് അദ്ദേഹത്തിന്റെ സംസ്കൃതത്തിലെ ആദ്യകൃതി. 1717 ൽ പൂർത്തിയാക്കിയ സിദ്ധരൂപത്തെ ആസ്പദമാക്കിയുള്ള 'സംസ്കൃതവ്യാകരണമാണ്' അദ്ദേഹത്തിന്റെ ഏറ്റവും അറിയപ്പെടുന്ന കൃതി. പൗളീനോസ് പാതിരി 1790 ൽ റോമിൽ നിന്ന് Gramatica Grandonica Seu Samscrademica എന്നവരിൽ പ്രസിദ്ധീകരിച്ചതോടെയാണ് ഈ ഗ്രന്ഥം യൂറോപ്പിൽ അറിയപ്പെട്ടത്. 'ഒരു മനുഷ്യബുദ്ധിക്ക് അതീതമായൊരു ഗ്രന്ഥമാണ് ഇത്' എന്നാണ് പൗളീനോസ് തന്നെ ഇതിനെ വിശേഷിപ്പിക്കുന്നത്. മലയാളം പോർത്തുഗീസ് വ്യാകരണം, മലയാളം സംസ്കൃത നിഘണ്ടു, മലയാള പോർത്തുഗീസ് സംസ്കൃതനിഘണ്ടു എന്നിവയാണ് അദ്ദേഹത്തിന്റെ ഈ രംഗത്തെ മറ്റ് കൃതികൾ. ഒരിക്കൽ ഒരു നമ്പൂതിരി വിദേശീയനായ പാതിരിയെ അല്പം പരിഹാസരൂപേണ 'ഗണപതിവാഹനരിപുനയന' (പൂച്ചക്കണ്ണ) എന്ന് വിളിച്ചപ്പോൾ അദ്ദേഹം തിരിച്ചടിച്ചത് 'ദശരഥനന്ദനസഖിവദന' (കുരങ്ങന്റെ മുഖത്തോടുകൂടിയവൻ) എന്നാണ്. മറ്റൊരവസരത്തിൽ ഒരിളയത് മദ്ധ്യസ്ഥത്തിന് പാതിരി നല്ലതാണ് എന്ന അർത്ഥത്തിൽ 'പാതിരി വില്ലിന് വിശേഷമാണെ'ന്ന് പറഞ്ഞപ്പോൾ, 'ഇളയതായാൽ ബഹുവിശേഷം' എന്നതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഭാഷയിൽ അത്രമാത്രം വ്യുത്പത്തി നേടിയയാളായിരുന്നു അർണോസ് പാതിരി.

## കേരളത്തിന്റെ അപ്പസ്തോലൻ

മലയാളത്തിലുള്ള പാതിരിയുടെ പ്രധാന കൃതികളായ പുത്തൻപാന, ചതുരന്ത്യം, ഉമ്മാപർവ്വം, ഉമ്മായുടെ ദുഃഖം, വ്യാകുപ്രബന്ധം, ജനോവപർവ്വം, ആത്മാനുതാപം, നിഷിദ്ധപാപം, എന്നിവ ക്രൈസ്തവവിശ്വാസവും ഭക്തിയും പ്രകടിപ്പിക്കുന്നവയാണ്. ഇവയിൽ 'പുത്തൻപാന'യാണ് അദ്ദേഹത്തെ കേരളസഭയിൽ അനശ്വരനാക്കിത്തീർത്തത്. പുത്തൻ പാനയെ മാർത്തോമാക്രിസ്ത്യാനികളുടെ 'ദൈവശാസ്ത്രഗ്രന്ഥമായും' 'ബൈബിളാ'യും വിശേഷിപ്പിക്കുന്നവരുണ്ട്. സൃഷ്ടിമുതൽ അപ്പസ്തോലന്മാരെ മിഷൻ പ്രവർത്തനത്തിനായി വിവിധ രാജ്യങ്ങളിലേയ്ക്ക് അയയ്ക്കുന്നതുവരെയുള്ള ബൈബിളിലെ പ്രധാന സംഭവങ്ങളാണ് ഇതിലെ പ്രതിപാദ്യം. അടിയുറച്ച ക്രൈസ്തവവിശ്വാസവും പരമ്പരാഗത ക്രൈസ്തവജീവിതശൈലിയും സ്വന്തമാക്കിയ മാർത്തോമാക്രിസ്ത്യാനികൾക്ക് ഇനി ആവശ്യമുള്ളത് വേദോപദേശമല്ല, ബൈബിളാണ് എന്ന് ബോദ്ധ്യപ്പെട്ടതിന്റെ ഫലമായാണ് അദ്ദേഹം 'പുത്തൻപാന' (മിശിഹാകേന്ദ്രീകൃതരക്ഷാകരചരിത്രം) രചിക്കുന്നത്. ആധുനികമലയാളത്തിന്റെ പിതാവെന്ന് അറിയപ്പെടുന്ന എഴുത്തച്ഛന്റെ 'രാമായണഭാരതം' ഹിന്ദുക്കൾ സന്ധ്യാസമയത്ത് കുടുംബങ്ങളിൽ ഭക്തിപൂർവ്വം പാരായണം ചെയ്യുന്നത് മനസ്സിലാക്കിയ പാതിരി നാടിന്റെ പരമ്പരാഗതശൈലിയെ ക്രൈസ്തവത്ക്കരിക്കുകയാണ് ചെയ്തത്. അങ്ങനെ ഹൈന്ദവപാനയുടെ സ്ഥാനത്ത് ക്രിസ്തീയ 'പുത്തൻപാന' നിലവിൽ വന്നു. 1905ലാണ് ആദ്യകത്തോലിക്കാ ബൈബിൾ മലയാളത്തിൽ പ്രസിദ്ധീകൃതമായതെങ്കിലും അതിനും രണ്ട് നൂറ്റാണ്ടുമുമ്പേ അർണോസ് പാതിരി ബൈബിൾ മലയാളത്തിൽ കാണിച്ചു കൊടുത്തു. സഫല, പ്രാദേശിക, കാലാനുരൂപണം ക്രൈസ്തവമതപ്രഘോഷണത്തിന് എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ കാണിച്ചുകൊടുക്കുന്നതിന് രണ്ടര നൂറ്റാണ്ടു മുമ്പ് അർണോസ് പാതിരി അത് നടപ്പിൽ വരുത്തി.

പഠനത്തിനും എഴുത്തിനും ഇടയിലും അദ്ദേഹം തന്റെ അജപാലനദൗത്യം കൃത്യമായി നിർവഹിച്ചു. ജോൺ റിബേറോ മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായും അമ്പഴക്കാട്ട് സെമിനാരി അദ്ധ്യാപകനായും ചിലയിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. വേലൂർ ഫ്രാൻസിസ് സേവ്യർ ഇടവക തുടങ്ങുന്നത് അദ്ദേഹമാണ്. അർണോസ് പാതിരിയെ നന്നായി മനസ്സിലാക്കിയ കർമ്മലീത്താക്കാരനായ പൗളീനോസ് പാതിരി 1799 ൽ തന്റെ ഒരു സഹസന്യാസിക്ക് എഴുതിയത് 'മഹാനായ അർണോസ് പാതിരി അദ്ദേഹത്തിന്റെ കൃതികളിലൂടെ മലയാളിയുടെ മനസ്സിലും കേരളചരിത്രത്തിലും ജീവിക്കുന്നു. എനിക്ക് അദ്ദേഹത്തിനു വേണ്ടി പണിയാൻ കഴിയുന്ന സ്മാരകം അദ്ദേഹത്തെ എന്റെ ഗുരുവായി പ്രതിഷ്ഠിക്കുക എന്നതാണ്. കേരളത്തെ നന്നായി അറിഞ്ഞ, സ്നേഹിച്ച പാതിരിയെ 'കേരളത്തിന്റെ അപ്പസ്തോലൻ' എന്നുതന്നെ വിളിക്കാവുന്നതാണ്. അത്രമാത്രം കേരളത്തെ അറിഞ്ഞ്, സ്നേഹിച്ച് അതിന്റെ ഭാഗമായിത്തീർന്ന് ഇന്നും ഇവിടുത്തെ ചരിത്രത്തിൽ ജീവിക്കുന്നയാളാണ് അർണോസ് പാതിരിയായി മാറിയ വിദേശമിഷനറി വൈദികനായ ജോൺ ഏണസ്റ്റ് ഹാൻക്സ്‌ലേഡൻ.




# എൻജിനു മുകളിൽ ഹൃദയം പിടിപ്പിച്ച് ഓടുന്നവർ

സി. ഷൈനി അന്നാ ജെയിംസ്

6 -ാം ക്ലാസ്സിൽ പഠിക്കുന്ന കാലം. അമ്മയ്ക്ക് വയ്യാതിരുന്ന ആ ദിവസം ചമ്മന്തി ഉണ്ടാക്കാൻ അടുക്കളയിൽ കയറി ആദ്യ മായി ഉള്ളി പൊളിച്ചപ്പോൾ വന്ന കണ്ണീര് ഇതാ വീണ്ടും".. പ്രതീക്ഷാ ഭവനിലെ അഗതികൾക്ക് ന്യൂ ഇയർ സമ്മാനമായി ചിക്കൻ ബിരിയാണി സ്വന്തം ചിലവിൽ പാക പ്പെടുത്തി നൽകാനാണ് തന്റെ ഓട്ടോ ഡ്രൈവേഴ്സ് സുഹൃത്തുക്കൾക്കൊപ്പം ബേബിമോനും സവാള അരിഞ്ഞത്. എന്നാൽ ഈറനണിഞ്ഞ കണ്ണുകളിൽ തുടിച്ചു നിന്നിരുന്നത് അന്നത്തേതു പോലെ സ്നേഹാർപ്പണത്തിന്റെ സംതൃപ്തിയും ആനന്ദവുമായിരുന്നു. കുടുക്കയിൽ അനു ദിനം നിക്ഷേപിക്കുന്ന സമ്പാദ്യത്തിന്റെ ഒരു പങ്ക് സമൂഹത്തിന് നന്മചെയ്യാനു ള്ളതാണ് എന്ന് വിശ്വസിക്കുന്ന ഓട്ടോ ഡ്രൈവേഴ്സാണ് ബേബിമോനും റെജിയും സിബിയും ഷിബുവും വിജയനുമെല്ലാം". നന്മ ചെയ്യാതിരിക്കാനാവാത്തവർ.

നന്മ ചെയ്യാത്ത മനുഷ്യരുണ്ടോ?. തീർച്ചയായും ഇല്ല. എന്നാൽ "ചെയ്യേണ്ട നന്മ" ചെയ്യുന്നവരുണ്ടോ എന്നു കൂടി ചോദിച്ചാൽ ഉത്തരം വൈകാം. നന്മ പ ലവിധമുണ്ട്; വീടുപണിയാം, പാലം പണി യാം, റോഡുപണിയാം, നഗരം പണിയാം" എന്നാൽ മനുഷ്യനെ മനുഷ്യനായി കാണുവാനും അറിഞ്ഞുകൊണ്ട് അവന്റെ കണ്ണുകളിലേയ്ക്ക് ഒന്നു നോക്കുവാനും പറഞ്ഞു പഴകിയ പതിവു അന്വേഷ ണവാക്കുകൾക്കപ്പുറം ആത്മാർത്ഥമായൊരു വാക്കുരിയാടാനും താത്പര്യപൂർവ്വം ശ്രവിക്കുവാനും ന്യായമായ അടിസ്ഥാന ആവശ്യങ്ങളും ആഗ്ര ഹങ്ങളും സാധിച്ചുകൊടുക്കുവാനും ആർക്കെങ്കിലും കഴിഞ്ഞാൽ അവർ ചെയ്യുന്നത് "ചെയ്യേണ്ട നന്മയത്രേ. ഈ നന്മയുടെ ഉറവിടം സ്നേഹം വറ്റാത്ത ഹൃദയമാണ്. വേദനിക്കുന്നവർ എന്റെ സ്വന്തമാണ് എന്ന ചിന്തയാണ്.

സ്നേഹത്തിന് നൂതന രൂപവും ഭാവവും ന ല്കുവാൻ പ്രചോദിതരായിക്കൊണ്ടിരിക്കുകയാണ് കട്ടപ്പനയിലെ ഓട്ടോ ഡ്രൈവർ സുഹൃത്തുക്കൾ. കാരുണ്യവർഷത്തിന്" ഒരു സദ്വാർത്തയാണ് അവരുടെ പുത്തൻ ശൈലികൾ. "ഓടിയാൽ എന്തു കിട്ടും" എന്ന് ചിന്തിക്കുന്ന ഒരു ശരാശരി ഡ്രൈവറിന്റെ ന്യായമായ ചിന്താഗതി മറികടന്ന് എന്നെക്കൊണ്ട് സമൂഹത്തിന് എന്തുനല്കാനാവും" എന്ന ചിന്തയോടെ, പ്രവർത്തനോത്മുഖായ ഒരു നവ സംസ്ക്കാരത്തെ വികസിപ്പിച്ച് കട്ടപ്പനയ്ക്കും സമീപപ്രദേശങ്ങൾക്കും അഭിമാനമാവുകയാണ് സാരഥി" അംഗങ്ങളായ ഓട്ടോഡ്രൈവേഴ്സ്.

ടാക്സി, ഓട്ടോറിക്ഷാ ഡ്രൈവേഴ്സിനു വേണ്ടിയുള്ള ഗവൺമെന്റ് അംഗീകൃതമായ ഒരു രജിസ്റ്റേർഡ് ട്രസ്റ്റ് ആണ് "സാരഥി". ഇതിന്റെ സ്ഥാപ കനും ഡയറക്ടറുമായ ഫാ. വർഗ്ഗീസ് കരിപ്പേരി

(തൃശൂർ അതിരൂപത) ജാതിമതവർഗ്ഗരാഷ്ട്ര ഭേദമന്യേ ദീർഘവീക്ഷണത്തോടെ പടുത്തുയർത്തിയതാണ് ഈ ട്രസ്റ്റ്. ഇത് ഒരേസമയം ഡ്രൈവേഴ്സ് ഹെൽപ് ലൈനായും ജനസേവനമാർഗ്ഗമായും വർത്തിക്കുന്നു. ഡ്രൈവേഴ്സിനെ ശക്തിപ്പെടുത്തുകയും അവരുടെ സേവനത്തിന്റെ മഹത്വം ലോകത്തിന് ബോധ്യപ്പെടുത്തുകയുമാണ് ഇതിന്റെ പ്രഥമ ലക്ഷ്യം. ഡ്രൈവേഴ്സിലെ സ്വയം മതിപ്പ് വർദ്ധിപ്പിക്കാനും അവരിലെ മാനുഷിക മൂല്യങ്ങളും,നന്മകളും ഉത്തേജിപ്പിക്കുവാനും കഴിഞ്ഞുകൊണ്ട് ഈ സംരംഭം വിജയകരമായി മുന്നേറുന്നു. ഏതാണ്ട് ഇരുപതിനായിരത്തിലധികവും ഡ്രൈവേഴ്സ് ഇതിൽ അംഗങ്ങളാണ്. "സാരഥിയിൽ അംഗമാകുന്ന ഡ്രൈവർ തന്റെ ജോലിയെ സേവനമാക്കുവാൻ പഠിക്കുന്നു. പണം സമ്പാദിക്കുന്നതു മാത്രം ലക്ഷ്യമാക്കുന്ന ഒരു ഡ്രൈവറിനെക്കാൾ ആത്മസംതൃപ്തിയും സന്തോഷവും പകർന്നേകി "സാരഥി"അംഗങ്ങളുടെ പ്രവർത്തന സീമകളെ വിശാലമാക്കുന്നു.

ഒരാളുടെ ജനനം മുതൽ മരണം വരെ ഡ്രൈവേഴ്സ് കാഴ്ചവയ്ക്കുന്ന സേവനം എത്രയധികമാണ്?. ഒരു ഡ്രൈവറിന്റെ സേവനം അനുഭവിക്കാത്ത ഒരു മനുഷ്യനും ഈ ആധുനിക ലോകത്തിൽ ഉണ്ടാവില്ല. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും" തന്റെ ആപ്തവാക്യമാക്കി ചുമതലയേറ്റിരിക്കുന്ന കാഞ്ഞിരപ്പള്ളി സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന് ഏറ്റം പ്രിയപ്പെട്ട സാരഥി ഡ്രൈവേഴ്സിനുള്ള ജീവിതവിളിയും ഭൂമിക്ക് ഉപ്പ് എന്നപോലെ ഒരേസമയം ആവശ്യാവശ്യവും എന്നാൽ മിതവുമായിരിക്കാനാണ്; പ്രതീക്ഷ ഉണർത്തുന്ന പ്രകാശമായിരിക്കുവാനാണ്.

സെന്റ് ജോൺ ഓഫ് ഗോഡ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കട്ടപ്പനയിലെ സാരഥി" ഡ്രൈവേഴ്സ് നന്മ നിറഞ്ഞ തങ്ങളുടെ ഹൃദയ ചെപ്പുകൾ തുറന്ന് മുത്തുകൾ വിതറാൻ തുടങ്ങിക്കഴിഞ്ഞു". തങ്ങളുടെ ചുറ്റും അർഹതയുള്ള ആവശ്യങ്ങളെ തിരിച്ചറിയുവാൻ വേണ്ട വിവേചനാശക്തിക്കായി പ്രാർത്ഥിച്ചു കൊണ്ട് തന്നെ കട്ടപ്പന ഫൊറോനാ പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട ഫാ. അഗസ്റ്റ്യൻ കാര്യപുറവും വെള്ളയാംകുടി ഫൊറോനാ പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട ഫാ. ജോസ് പ്ലാച്ചിക്കലും സാരഥിയംഗങ്ങൾക്ക് അനുഗ്രഹവും പ്രചോദനവും പ്രോത്സാഹനവും നൽകി ഒപ്പം നീങ്ങുന്നു. പ്രതീക്ഷാഭവനിൽ വെള്ളിയാഴ്ച ഉച്ചഭക്ഷണം നൽകുവാൻ ഡ്രൈവേഴ്സ് തയ്യാറാകുമ്പോൾ അവരുടെ കൈക്കുമ്പിളിൽ ഭക്ഷണവും പണവും നൽകുവാൻ സഹൃദയരായ പല മനസ്സുകളും ഉണ്ട് എന്നതും ശുഭോദർക്കമാണ്; ദൈവത്തെപ്പോലെ മനുഷ്യന്റെ നന്മയിൽ ഇനിയും വിശ്വസിക്കുവാൻ ഉത്തേജകമാണ്.

"മറ്റുള്ളവരെ വിശ്വസിക്കുമ്പോൾ ഞാൻ വളരുന്നു. മറ്റുള്ളവരെ സംശയിക്കുമ്പോൾ ഞാൻ തളരുന്നു". കരിപ്പേരിയച്ചന്റെ ഈ വാക്കുകൾ ഈ നാട്ടിൽ നിന്ന് എന്തു നന്മയുണ്ടാകും"എന്ന ചോദ്യം കരുണയോടെ ഒഴിവാക്കുവാൻ ഈ കാരുണ്യവർഷത്തിൽ പ്രചോദനമേകുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ യാഥാർത്ഥ്യങ്ങളോട് രണ്ടു വിധത്തിൽ പ്രതികരിക്കുന്നവരുണ്ട്. "എനിക്ക് രണ്ടു സെന്റ് ഭൂമിയും ഒരു കൊച്ചു വീടുമേ ഉള്ളൂ" എന്നു പറയുന്നവരും എനിക്ക് രണ്ടു സെന്റ് ഭൂമിയും ഒരു കൊച്ചു വീടും ഉണ്ട്" എന്നു പറയുന്നവരും. അതിൽ രണ്ടാമത്തെ കൂട്ടർക്കു മാത്രമേ സാരഥിയിൽ അംഗങ്ങളാകുവാനാകൂ. തങ്ങളുടെ വരുമാനം തുച്ഛമാണെങ്കിലും അതിൽ ഒരു പങ്ക് കുടുക്കയിൽ കൃത്യമായി നിക്ഷേപിച്ച് തീരാത്ത ഉത്സാഹവുമായി നീങ്ങുന്ന "സാരഥി" ഡ്രൈവേഴ്സ് സ്കൂൾ കുട്ടികൾക്ക് കുട, രോഗികൾക്ക് ധനസഹായം, വിശക്കുന്നവർക്ക് ആഹാരം, ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ എന്നിവയിലൂടെ പ്രപഞ്ചത്തിനും സമൂഹത്തിനുമുള്ള സംഭാവന ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. കട്ടപ്പനയുടെ നന്മ കാക്കുന്ന ഇവർ കട്ടപ്പനയുടെ ചരിത്രത്തിലും ഹൃദയത്തിലും ഇടം പിടിക്കുമെന്നത് തീർച്ച.



# വെളിച്ചം പരത്താം

ജെ. പി. കല്ലാർ

ലോകസുഖസൗഭാഗ്യങ്ങളാസ്വദിക്കൂ നീ
മൂല്യങ്ങൾ മനസിലുണ്ടാകണം നിശ്ചയം
സ്വപ്നദർശനം കണ്ടതിനർത്ഥം തേടി ഞാൻ
സന്തോഷത്തിൻ മൂല്യമാണിതെന്നറിയുന്നു.

സുഖസൗകര്യങ്ങളെന്നുമാസ്വദിക്കൂ നീ
കരുണയാമൊരു തുള്ളിയെണ്ണ നീയോർക്കൂ
ആത്മാവാം ജീവജാലകളെയെല്ലാം കാണൂ
ആനന്ദത്തോടെ സമന്വയിക്കൂ നിത്യവും

മൗലികസത്തയെ കണ്ടെത്തണം ദിനവും
സ്വപ്നദർശനത്താൽ നാമറിയണമെല്ലാം
വാനിലിതാ ഒരു താരകം പ്രകാശിപ്പൂ
പ്രകാശിക്കണം നാമതുപോൽ നിത്യവും

അന്ധകാരത്തിൽ പ്രകാശിക്കണം നാമെന്നും
ഹൃത്തതിൻ വിളിയും നീ ധീരമാക്കിടേണം
ഇരുൾ മാറ്റണം വെളിച്ചമേകാം നമുക്കും
ഭാഗ്യമായതൊന്നുണ്ടു ദൈവകൂട്ടായ്മയും

സമസൃഷ്ഠങ്ങളേയും സൃഷ്ഠിജാലങ്ങളേയും
സ്നേഹത്തിലൊട്ടിച്ചേരാനും പ്രതീകമാക്കണം
ഒന്നിച്ചു പ്രാർത്ഥിക്കാമാരാധിക്കാം ദിനം നാം
ഇരുൾ നീക്കിവെളിച്ചം പരത്താമിനിയും.








സി. ആൽഫി സെബാസ്റ്റ്യൻ എസ്.സി.ജെ.ജി

# കരുണയുടെ വർഷം

**ക**രുണയുടെ വാതിൽ മലർക്കെ തുറന്നുകൊണ്ട് മിശിഹായുടെ മണവാട്ടിയായ തിരുസഭ തന്റെ ആത്മീയ ഭണ്ഡാഗാരം വിശ്വാസികൾക്കായി നിർലോഭം നൽകുന്ന ഈ വർഷം തികച്ചും ദൈവാനുഗ്രഹസമ്പന്നമാണ്. ലോകത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വിശുദ്ധരെ പ്രദാനം ചെയ്യുന്ന ദൈവം വിശുദ്ധിയിലേയ്ക്ക് ദൈവജനത്തെ ആഹ്വാനം ചെയ്യുന്നതിനായി വിവിധതരത്തിലുള്ള ആഹ്വാനങ്ങളും പ്രബോധനങ്ങളും നൽകുന്നതിനായി തിരുസഭയെ ഉപകരണയാക്കുന്നു. കരുണയുടെ ഈ വിശുദ്ധ വർഷം ഓരോ വിശ്വാസിയും ദൈവത്തോട് കൂടുതൽ അടുത്ത് അനുതാപം, പാപമോചനം, പ്രായശ്ചിത്തം, പ്രാർത്ഥന, പരോപാകാരപ്രവൃത്തികൾ തുടങ്ങിയവ വഴി ദൈവത്തിൽ നിന്ന് കരുണതേടി വിശുദ്ധിയുടെ മേലങ്കി അണിയുവാനും ദൈവൈക്യത്തിലാകുവാനും തിരുസഭ വലിയൊരവസരം ഒരുക്കിയിരിക്കുകയാണ്.

2015 ഡിസംബർ 8 മുതൽ (മാതാവിന്റെ പിറവിത്തിരുനാൾ) 2016 നവംബർ 20 വരെ (ക്രിസ്തുരാജന്റെ തിരുനാൾ) യുള്ള ഒരു വർഷം നീളുന്ന കാലഘട്ടത്തെ കരുണയുടെ വിശുദ്ധ വർഷം അഥവാ കരുണയുടെ ജൂബിലി വർഷമായി ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ വിശുദ്ധ വർഷം രണ്ട് കാര്യങ്ങളിൽ ശ്രദ്ധിച്ച് വേണ്ടതു ചെയ്യുവാൻ വിശ്വാസികളെ പ്രചോദിപ്പിക്കുന്നു. ഒന്ന്, ദൈവത്തിൽ നിന്ന് കരുണ നേടുക. രണ്ട്, മറ്റുള്ളവരോട് കരുണ കാണിക്കുക.

കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ വിശ്വാസികൾക്ക് അനുഗ്രഹം നൽകേണ്ട രീതിയെക്കുറിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ എഴുതിയ കത്തിൽ ഇപ്രകാരം പറയുന്നു: ''ഈ ജൂബിലിയാഘോഷം പിതാവായ ദൈവത്തോട് അടുക്കുവാനുള്ള ഒരുജീവിതാനുഭവം ആകണമെന്നാണ് എന്റെ ആഗ്രഹം.

എല്ലാം ക്ഷമിക്കുകയും നാം ചെയ്തുപോയ പാപങ്ങൾ പൂർണ്ണമായും പൊറുക്കുകയും ചെയ്യുന്ന പിതാവായ ദൈവത്തിന്റെ കരുണയിലേയ്ക്കുള്ള ഒരു അനുഭവമായി ഈ ജൂബിലിയാഘോഷം നീങ്ങണം. എല്ലാ കത്തീഡ്രൽ ദൈവാലയങ്ങളും അല്ലെങ്കിൽ രൂപതാമെത്രാൻ തീരുമാനിക്കുന്ന ദൈവാലയങ്ങളും റോമിലെ നാലു ബസലിക്കകളും തുറക്കുവാനും യഥാർത്ഥ മാനസാന്തരത്തിന്റെ അടയാളമായി ഈ വിശുദ്ധ കവാടങ്ങളിലേയ്ക്ക് തീർത്ഥാടനം നടത്തുന്നതിനും അതിന്റെ ഫലമായി ക്ഷമാപണം സ്വീകരിക്കുന്നതിനും അത് അനുഭവിക്കുന്നതിനുമായി വിശ്വാസികൾ വിളിക്കപ്പെട്ടിരിക്കുന്നു.

അതുപോലെ തന്നെ കരുണയുടെ വാതിൽ തുറന്നിട്ടിരിക്കുന്ന എല്ലാ തീർത്ഥാടനകേന്ദ്രങ്ങളിലും പാരമ്പര്യമായി ജൂബിലി ദൈവാലയങ്ങളായി മാറിയിരിക്കുന്ന എല്ലാ ദൈവാലയങ്ങളിലും പിതാവായ ദൈവത്തിന്റെ അനുഗ്രഹം ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ അവസരം പ്രഥമവും പ്രധാനവുമായി പാപമോചന കൂദാശയോടും കരുണ എടുത്തുകാണിച്ചു കൊണ്ടുള്ള ദിവ്യബലിയർപ്പണത്തോടും ബന്ധപ്പെട്ടതാണ് എന്നത് ഒരു സുപ്രധാന കാര്യമാണ്. അതുകൊണ്ട് ഈ കൂദാശാർപ്പണങ്ങൾ വിശ്വാസപ്രഖ്യാപനത്തോടും എനിക്കു വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയോടും അതുപോലെതന്നെ സഭയുടേയും ലോകത്തിന്റേയും നന്മക്കു വേണ്ടിയുള്ള എന്റെ പ്രത്യേക നിയോഗങ്ങൾക്കു വേണ്ടി കൂടെ ആയിരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

അതിനെല്ലാം പുറമേ, ഈ ജൂബിലിയുടെ അനുഗ്രഹം നമ്മിൽ നിന്നും നിത്യമായി വേർപിരിഞ്ഞു പോയവർക്കും ലഭിക്കും. അവർ നമുക്ക് കൈമാറിത്തന്ന വിശ്വാസത്തിനും സ്നേഹത്തിനും സാക്ഷികളാകുവാൻ നാം കടപ്പെട്ടവരാണ്. അവരേയും വിശുദ്ധകുർബാനയർപ്പണത്തിൽ നാം ഓർക്കുമ്പോൾ വിശുദ്ധന്മാരുടെ ഐക്യത്തിന്റെ വിലയേറിയ രഹസ്യത്തോടൊപ്പം നമുക്കും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കണം. അങ്ങനെ പിതാവിന്റെ കരുണയേറിയ മുഖം എല്ലാ തെറ്റുകളുടേയും ശിക്ഷയിൽ നിന്നും അവരെ സ്വതന്ത്രരാക്കുന്നതിനും നിത്യകാല സൗഭാഗ്യത്തിലേയ്ക്ക് അവരെ ശക്തിയോടെ ആലിംഗനം ചെയ്യുന്നതിനും ഇടവരുത്തണം"

കരുണയുടെ വർഷത്തിന്റെ ലോഗോക്ക് കാരുണ്യനിറം പകർന്നത് ഈശോസഭാ വൈദികനായ മാർക്കോ ഐ. റുപ്നിക്കാണ്. ദൈവത്തിന്റെ കരുണ നിറഞ്ഞ ചിത്രമാണ് ലോഗോയിലൂടെ പ്രകാശിതമായിരിക്കുന്നത്. വി. ലൂക്കായുടെ സുവിശേഷം 6:36 ആണ് കരുണയുടെ വർഷത്തിന്റെ ആപ്തവാക്യം: ''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവർ ആകുവിൻ.''

കാണാതെപോയ ആടിനെ കണ്ടെത്തി തോളിലേറ്റികൊണ്ടുവരുന്ന ഇടയന്റെ ഉപമ ലൂക്കാ 15:1-7 ൽ നാം വായിക്കുന്നു. ഈ ഉപമയിലെ ഇടയൻ യേശുവും കാണാതായ ആട് പാപികളായ നാം ഓരോരുത്തരുമാണ്. യേശു പാപം മൂലം നഷ്ടപ്പെട്ട ഓരോ വ്യക്തിയേയും കണ്ടെത്തി തന്റെ തോളിൽ എടുത്ത് രക്ഷിക്കുവാൻ ആഗ്രഹിക്കുന്നു.

ചിത്രത്തിൽ കാണുന്ന ആദ്യവ്യക്തി യേശുവാണ്. യേശുവിന്റെ തോളത്ത് കിടത്തിയിരിക്കുന്ന വ്യക്തി മനുഷ്യകുലത്തിന്റെ പ്രതീകമാണ്. മനുഷ്യകുലത്തെ യേശു രക്ഷിക്കുവാൻ ആഗ്രഹിക്കുന്നു. കാരണം, അവിടുന്ന് രക്ഷകനാണ്. അവിടുന്ന് സ്നേഹിക്കുന്ന ദൈവമാണ്. ചിത്രത്തിൽ രണ്ടു വ്യക്തികൾ ഉണ്ടെങ്കിലും മൂന്നു കണ്ണുകളേ ഉള്ളൂ. മനുഷ്യന്റെ ഒരു കണ്ണും യേശുവിന്റെ ഒരു കണ്ണും കൂടി ഒന്നായിരിക്കുന്നു. മനുഷ്യർ ദൈവത്തിന്റെ കണ്ണുകളിലൂടെയും ദൈവം മനുഷ്യന്റെ കണ്ണുകളിലൂടെയും നോക്കുന്നതിന്റെ പ്രതീകമാണിത്. ചിത്രത്തിന്റെ പശ്ചാത്തലത്തിൽ ഓവൽ ആകൃതിയിൽ ഉള്ള മൂന്ന് നീല വരകൾ കാണാം. അകത്തു നിന്നും പുറത്തേയ്ക്ക് വരുംതോറും നിറത്തിന്റെ കടുപ്പം കുറയുന്നു. പാപം, മരണം എന്നിവയിൽ നിന്ന് മനുഷ്യനെ പുറത്തേയ്ക്കു കൊണ്ടുവരുന്ന യേശുവിനെയാണ് ഇത് സൂചിപ്പിക്കുന്നത്.

പാഴ്മലകളിൽ നദികളും താഴ്വരകളുടെ മദ്ധ്യേ ഉറവകളും ഞാൻ ഉണ്ടാക്കും. മരുഭൂമിയെ ജലാശയവും വരണ്ട പ്രദേശത്തെ നീരുറവയുമാക്കും. (ഏശ.41:18) ദൈവത്തിന്റെ കരുണയ്ക്ക് എല്ലാം സാദ്ധ്യമാണ്. ഉണങ്ങിയ അസ്ഥികൾക്ക് ജീവൻ നൽകാൻ പോലും ദൈവത്തിന്റെ കരുണയ്ക്കു സാധിക്കുമെന്ന് എസക്കിയേൽ പ്രവാചകൻ വ്യക്തമായി പറയുന്നു. (എസെ. 37:1 14) അതിക്രമങ്ങൾക്കു മാപ്പും പാപങ്ങൾക്ക് മോചനവും ലഭിച്ചവൻ ഭാഗ്യവാൻ. (സങ്കീ 32:1) എന്ന് സങ്കീർത്തകൻ ഉദ്ഘോഷിച്ചു. കരുണാസമ്പന്നനായ ദൈവത്തെപ്പറ്റി ഇപ്രകാരം ജോബ് പ്രഘോഷിച്ചു. ''എന്റെ അതിക്രമങ്ങളെ അങ്ങ് സഞ്ചിയിലാക്കി മുദ്രവയ്ക്കും. എന്റെ അകൃത്യങ്ങളെ അങ്ങ് മറയ്ക്കും''.

ദൈവത്തിന്റെ അനന്തകരുണയിൽ വ്യക്തിപരമായി ആശ്രയിച്ച്, തിരുസഭ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ തീക്ഷ്ണതാപൂർവ്വം നിർവഹിച്ചുകൊണ്ട് നമുക്ക് നവീകരിക്കപ്പെടാം. നമ്മിൽ നിന്ന് മരണം വഴി വേർപിരിഞ്ഞു പോയവർക്കു വേണ്ടിയും ദൈവത്തിൽ നിന്ന് കരുണ നേടിയെടുക്കാം. അങ്ങനെ ദൈവത്തിൽ നിന്ന് കരുണനേടി മറ്റുള്ളവരോട് കരുണ കാണിക്കുന്നതിൽ ഔദാര്യമുള്ളവരാകാം. ദൈവാനുഗ്രഹസമ്പന്നമായ കരുണയുടെ വിശുദ്ധ വർഷം എല്ലാവർക്കും ആശംസിക്കുന്നു.

# കൺകുളിർക്കെ കണ്ട കാരുണ്യം



ജാസ്മിൻ ജോയി

മണിക്കൂറുകൾ, മിനിറ്റുകൾ, സെക്കന്റുകൾ കടന്നു പൊയ്ക്കൊണ്ടേയിരുന്നു. ആമി എണ്ണുകയായിരുന്നു... തന്നെ ലക്ഷ്യമാക്കി വരുന്ന മരണത്തെ സ്വീകരിക്കാൻ. അവൾ ചുറ്റും കണ്ണോടിച്ചു. മനം മടുപ്പിക്കുന്ന ആ ആശുപത്രിമുറിയിൽ അവൾക്കു കൂട്ടായി ജീവൻ നിലനിർത്തുന്ന ഏതൊക്കെയോ ഉപകരണങ്ങൾ മാത്രം. തൊട്ടപ്പുറത്തെ ക്യാബിനിൽ അവളെ വീക്ഷിച്ച് നഴ്സുമാർ നിൽപ്പുണ്ടെങ്കിലും തികഞ്ഞ ഏകാന്തത അവൾക്കനുഭവപ്പെട്ടു.

സുന്ദരിയായിരുന്നു ആമി. കാൻസർ അവളുടെ കോശങ്ങളെ കാർന്നുതിന്നുന്നതിനു മുമ്പു വരെ. ഇന്ന് ആ മുഖത്തിന്റെ ശ്രീത്വം ആകെ കെട്ടു പോയിരിക്കുന്നു. കുഴിഞ്ഞ കണ്ണുകൾ. തലയിൽ അങ്ങിങ്ങെഴുന്നേറ്റു നിൽക്കുന്ന മുടികൾ, ശ്വസമെടുക്കാൻ നല്ല വണ്ണം ബുദ്ധിമുട്ടുന്നുണ്ട്. ഹൃദയമിടിപ്പ് ഏറിയും കുറഞ്ഞുമിരിക്കുന്നു. ഇടക്കിടെ ബോധം പോയി മറയും. ഇതാണിപ്പോൾ ആമിയുടെ അവസ്ഥ. വൈദ്യശാസ്ത്രം വിധിയെഴുതി കഴിഞ്ഞു, അവളിനി തിരികെ ജീവിതത്തിലേയ്ക്കില്ലെന്ന്. ഡോക്ടർമാർ കൈ മലർത്തി. തങ്ങൾക്കാവുന്നതെല്ലാം ചെയ്തു. ഇനി രക്ഷയില്ല. അവൾ ജീവിതത്തിലേയ്ക്ക് തിരികെ വരാൻ ഇനി എന്തെങ്കിലും അത്ഭുതം സംഭവിക്കണം. ഇതായിരുന്നു അവരുടെ വാക്കുകൾ.

ഒരു മുസ്ലിം യാഥാസ്ഥിതിക കുടുംബത്തിൽ ഏറ്റവും ഇളയവളായിരുന്നു ആമി. ആ നാട്ടിലെ പ്രമാണിയായ സെയ്ത്താലിയുടേയും മെഹറുന്നീസയുടേയും ഏക പെൺ തരി. മൂന്ന് ഇക്കമാരുടേയും പുന്നാര പെങ്ങൾ. കടുത്ത ചിട്ടവട്ടങ്ങളുടെ നടുവിൽ പോലും വീട്ടിലെ ഏക പെൺകിടാവെന്ന പേരിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയാണ് ആമി വളർന്നത്. കോളേജ് പഠനകാലത്ത് കുടുംബത്തിലെ പരമ്പരാഗത ചിന്താഗതിയെ മറികടന്ന് രാകേഷ് എന്ന ഹിന്ദു യുവാവിനെ പ്രണയിച്ചു. അവസാനം എല്ലാവരുടേയും എതിർപ്പും വെറുപ്പും സമ്പാദിച്ച് വീടു വിട്ടിറങ്ങി. അവനോടൊപ്പം ജീവിതമാരംഭിച്ചു. തനിക്കിനി ഇങ്ങനെയൊരു മകളില്ലെന്ന് വാപ്പ, തിരികെ ഇനി വന്നുപോകരുതെന്ന് ഉമ്മ, കൺവെട്ടത്ത് കണ്ടാൽ കൊന്നുകളയുമെന്ന് ഇക്കമാർ. ഭീഷണികളുടെ നടുവിലും രാകേഷിനൊപ്പമുള്ള ജീവിതം അവൾക്ക് സ്വർഗ്ഗമായിരുന്നു. കൂറേ നാൾ കൂട്ടിലടച്ച കിളി പുറം ലോകത്തെത്തിയ അവസ്ഥ. സ്വാതന്ത്ര്യം, സന്തോഷം എല്ലാം അനുഭവിക്കുകയായിരുന്നു. ഈ ലോകത്തിലെ ഏറ്റവും ഭാഗ്യവതി എന്നു തോന്നിയ നാളുകൾ. ഇതിനിടയിലേയ്ക്കാണ് എല്ലാ സന്തോഷവും തല്ലിതകർത്തുകൊണ്ടാ വില്ലനെത്തിയത്. നിർത്താതെയുള്ള ചുമയായിരുന്നു ആമിക്ക്, അതങ്ങു തുടർന്നു കൊണ്ടേയിരുന്നു. പിന്നീടറിഞ്ഞു മാരകമായ കാൻസർ രോഗം തന്നെ പിടികൂടിയെന്ന്. അതറിഞ്ഞ നിമിഷം മുതൽ രാകേഷ് അവളിൽ നിന്നകന്നു. തൊട്ടതിനും പിടിച്ചതിനുമൊക്കെ ഏതു നേരവും ദേഷ്യം. അവസാനം പറഞ്ഞു ഇന്നല്ലെങ്കിൽ നാളെ മരിച്ചു പോകുന്ന ഒരാൾക്കു വേണ്ടി ജീവിതം കളയാൻ തനിക്ക് പറ്റില്ലെന്ന്. ഒരുനാൾ തന്നെ ജീവനു തുല്യം സ്നേഹിച്ചിരുന്നയാളാണ്, ഇയാൾക്ക് വേണ്ടിയാണ് താൻ എല്ലാം ഉപേക്ഷിച്ച് കൂടെ പോന്നത്, ഇപ്പോൾ തന്റെയീ അവസ്ഥയിൽ തന്നെ ആശ്വസിപ്പിക്കേണ്ടയാളാണീ പറയുന്നത്, തന്നെ വേണ്ടെന്ന്. രോഗിയാണെന്നറിഞ്ഞതിൽ അപ്പുറം വേദനയുണ്ടാക്കി ആമിക്ക് അയാളുടെ ഈ സമീപനം. ഹൃദയവേദനയോടെയാണെങ്കിലും അയാളോട് പൊയ്ക്കൊള്ളാൻ അവൾ പറഞ്ഞു. അയാളെ വിട്ടിറങ്ങിപ്പോന്ന ആമിയുടെ മുമ്പിൽ ഒരുലക്ഷ്യമേ ഉണ്ടായിരുന്നൊള്ളൂ, ആത്മഹത്യ. നാളെ താൻ എന്തായാലും മരിക്കും. മരണത്തിന്റെ കൂട്ടുകാരൻ തന്റെ കൂടെ തന്നെയുണ്ടല്ലോ. പക്ഷേ ഇങ്ങനെ നരകിച്ചു മരിക്കുന്നതിൽ ഭേദം, ഒറ്റയടിക്ക് താനായിട്ട് തന്നെ തീർക്കുന്നതല്ലേ. കാരണം അവളുടെ മുന്നിൽ ഒന്നുമുണ്ടായിരുന്നില്ല. പോകാനൊരിടവുമില്ല, അഭയം തരാനുമാരുമില്ല. ഒറ്റപ്പെടലിന്റെ കടുത്ത യാതന അവളെ വിഴുങ്ങി. നിന്നിടത്തു തന്നെ വീണു മരിക്കാൻ അവൾ ആഗ്രഹിച്ചു പോയി.



എങ്ങോട്ടെന്നില്ലാതെ ഒരു ഭ്രാന്തിയെപ്പോലെ അവൾ അലഞ്ഞു നടന്നു. തന്റെ പർദ ആരോ വലിക്കുന്നതായി അവൾക്കു തോന്നി. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടത് ഒട്ടിയ വയറോടു കൂടി നിൽക്കുന്ന ഒരു ബാലനേയും അവന്റെ ഒക്കത്ത് ചേർന്നിരിക്കുന്ന കുഞ്ഞുപൈതലിനേയുമാണ്. തന്നെയും ഇവരെയും പോലെ ആരോരുമില്ലാത്ത എത്രയോ ആളുകളാണീ ലോകത്ത്. അവരെല്ലാം തന്നെപ്പോലെ മരിക്കണമെന്നാഗ്രഹമുള്ളവരാണോ?. അതോ ഇവരെ പോലെ ജീവിക്കണമെന്നാഗ്രഹമുള്ളവരാണോ?. ഇങ്ങനെ നൂറു നൂറു ചോദ്യങ്ങൾ അവൾ മനസ്സിൽ ചോദിച്ചു കൊണ്ടിരുന്നു. ആ ബാലൻ നീട്ടിയ പാത്രത്തിൽ തന്റെ കൈയ്യിലുള്ള അത്രയും സമ്പാദ്യം അവൾ വച്ചു കൊടുത്തു. അവന്റെ കണ്ണുകളിൽ നന്ദിയുടെ തിളക്കം അവൾ കണ്ടു. ഒരു നിമിഷം തന്റെ ഉള്ളം കുളിരുന്നതായി അവൾക്ക് അനുഭവപ്പെട്ടു. ബാലനെ വിട്ട് നടന്നു നീങ്ങുന്നതിനിടയിൽ അവൾ ചിന്തിച്ചു. മരിക്കണോ അതോ ജീവിക്കണോ?. മനസ്സിൽ മുളച്ചു പൊങ്ങുന്ന ഓരോ ചോദ്യത്തിനും ഉത്തരം കണ്ടുപിടിക്കുന്നതിനിടയിലാണ് ആ ശബ്ദം കേട്ടത്. ചീറിപാഞ്ഞു വന്നൊരു വണ്ടി ആരെയോ ഇടിച്ചിട്ടിരിക്കുന്നു. പരിക്ക് നിസ്സാരമെങ്കിലും വീണിടത്തുനിന്ന് എണീക്കാൻ ബുദ്ധിമുട്ടുന്നൊരു വയസൻ. അതിലേ പോകുന്ന സകലരും ആ മനുഷ്യനെ കാണുന്നുണ്ടെങ്കിലും ഒന്നു സഹായിക്കുവാൻ തയ്യാറാവുന്നില്ല. ജീവിതത്തിന്റെ തിരക്കിൽ നെട്ടോട്ടമോടുന്ന മനുഷ്യർ, ഈ ഒരു സഹായം അവരുടെ വിലയേറിയ സമയത്തെ നഷ്ടപ്പെടുത്തുകയേയുള്ളൂ. അവർക്ക് ചെയ്തു തീർക്കാൻ ഒത്തിരി കാര്യങ്ങളുണ്ട്, അവരെ കാത്ത് കുറേ കണ്ണുകളുമുണ്ട്. എന്നാൽ തനിക്കോ, കാത്തിരിക്കാനാരുമില്ല. മരണത്തെ പ്രതീക്ഷിച്ചു നിൽക്കുന്ന തനിക്ക് ചെയ്യാൻ പറ്റിയ അവസാനത്തെ ഉപകാരം എന്ന് വിചാരിച്ചു കൊണ്ടാണ് ആമി അങ്ങോട്ടേയ്ക്ക് ചെന്നത്. ഒരു വണ്ടി വിളിച്ച് അയാളെ ആശുപത്രിയിലാക്കി. കാലിന് അത്ര സാരമല്ലാത്ത പരിക്കേ ഉണ്ടായിരുന്നൊള്ളൂ. അത് ശരിക്കുമൊരു അത്ഭുതമായിരുന്നു. അത്രക്ക് വേഗത്തിൽ വന്ന വണ്ടിയുടെ മുന്നിൽ നിന്നും ആരോ അയാളെ തള്ളിമാറ്റിയ പോലെ. ആമിയുടെ ഭാഷയിൽ പറഞ്ഞാൽ പടച്ചോന്റെ കൃപ. എത്രയും വേഗം അവിടെ നിന്നും പോകാനാണ് അവൾക്ക് തോന്നിയത്. പക്ഷേ, അയാളുടെ നിർബന്ധത്തിനു വഴങ്ങി അയാളുടെ വീടുവരെ ചെന്നു. ഏലിയാസ് എന്നായിരുന്നു ആ മനുഷ്യന്റെ പേര്. ഏലിയാസും ഭാര്യ അന്നമ്മയും റിട്ടേയർഡ് പ്രഫസർമ്മാരാണ്. ഏവരോടും സ്നേഹത്തോടു കൂടി പെരുമാറുന്ന മാതൃകാ ദമ്പതികൾ. അവരുടെ ഏക മകൾ പത്ത് വർഷങ്ങൾക്കു മുമ്പ് അവരെ വിട്ട് പോയി. മകളുടെ വേർപാടിൽ പോലും സന്തോഷപൂർവ്വം ജീവിക്കുന്ന അവരെ കണ്ടപ്പോൾ ആമി അതിശയപ്പെട്ടു. ഇങ്ങനെയുമുണ്ടോ മനുഷ്യർ. അവരുടെ മുന്നിൽ ആമിക്ക് തന്റെ ജീവിത കഥ മറച്ചു വയ്ക്കാനായില്ല. അവിടെ നിന്നും തിരികെ പോകാനിറങ്ങുമ്പോൾ ഏലിയാസ് ചോദിച്ചു, “

വരുമോ ഞങ്ങളുടെ മകളായി ജീവിക്കാൻ? ആമിക്ക് പുതുജീവൻ പകർന്നു കൊടുത്ത വാക്കുകൾ. അവർ അവളെ മകളായി സ്വീകരിച്ചു. തങ്ങളെ അപ്പച്ചാ എന്നും അമ്മച്ചിയെന്നും വിളിപ്പിച്ചു. ഇടക്കിടെ അവർ പറയും ജീസസ്സ് ആണ് അവർക്കീ മകളെ തന്നത് എന്ന്. ജീസസ്സിനെപ്പറ്റി അവർ മുമ്പേ കേട്ടിരുന്നു. ഇപ്പോൾ ജീസസ്സിനെ കൂടുതലായി അറിയുന്നത് അമ്മച്ചിയിൽ നിന്നാണ്. അവൾ അവളെ ചികിത്സിപ്പിച്ചു. ലക്ഷണങ്ങൾ മുടക്കി, ഒരിക്കൽ അവൾ കണ്ടു, രാത്രിസമയങ്ങളിൽ അവരിരുവരും അവൾക്കു വേണ്ടി പ്രാർത്ഥിക്കുന്നത്. ഇന്നലെ തികച്ചും അന്യരായവർ ഇന്ന് തനിക്ക് ആരൊക്കെയോ ആയിരിക്കുകയാണ്. ജീവിതം എത്ര വിചിത്രമെന്ന് ആമിക്കു തോന്നി. തനിക്കൊരു നവജീവിതം തന്ന ഏലിയാസ് അപ്പച്ചന്റെയും അന്നമ്മച്ചിയുടേയും ജീസസ്സിനെ കാണാൻ അവളോരോ നിമിഷവും ആഗ്രഹിച്ചിരുന്നു.

ദിവസങ്ങൾ കഴിയുന്തോറും അവളുടെ നില വഷളായി വന്നു. പ്രാർത്ഥനകൾക്കും ചികിത്സക്കും ഫലമില്ലാത്തതുപോലെ. മരിക്കുന്നതിനു മുമ്പ് ജീസസ്സിനെ കാണണമെന്നാണ് തന്റെ ആഗ്രഹമെന്ന് അവളെ കാണാനെത്തുന്നവരോട് അവൾ പറയുമായിരുന്നു. എങ്കിലും ഏലിയാസപ്പച്ചന്റേയും അന്നമ്മച്ചിയുടേയും കൂടെയുള്ള ജീവിതം കുറച്ചു കൂടി നീണ്ടിരുന്നെങ്കിൽ എന്നവൾ ആഗ്രഹിച്ചിരുന്നു.

ആമിയുടെ നില തീർത്തും വഷളായി. ശ്വാസമെടുക്കാൻ പറ്റുന്നില്ല. ഹൃദയമിടിപ്പ് താണു വന്നു ആരൊക്കെയോ തനിക്ക് നേരെ ഓടിയടുക്കുന്നത് ഒരു നിമിഷം അവൾ കണ്ടു. താൻ മരിക്കുകയാണെന്ന് ആമി മനസ്സിലാക്കി. ഭാരമില്ലാതെ ഒരു അപ്പൂപ്പൻ താടി എന്ന വണ്ണം താൻ പറന്നു നടക്കുകയാണ്. എങ്കിലും ഈശ്വരാ എനിക്ക് നിന്നെ കാണാൻ കഴിഞ്ഞില്ലല്ലോ ആമി പരിഭവപ്പെട്ടു. തന്റെ ജീവിതവുമായി ബന്ധപ്പെട്ട പലരേയും ആമി കണ്ടു. ഒരു വശത്ത് തന്റെ വാപ്പ, ഉമ്മ, സഹോദരങ്ങൾ, ഭർത്താവ് അവരെല്ലാം തന്നിൽ നിന്നും മുഖം തിരിച്ചു കളയുന്നു, തന്നെ വേണ്ട എന്നു പറയുന്നു. മറുവശത്ത് ഏലിയാസപ്പച്ചനും അന്നമ്മച്ചിയും താൻ തന്റെ മുഴുവൻ സമ്പാദ്യവും കൊടുത്ത ബാലൻ. അങ്ങനെ പലരെയും" അവർക്കെല്ലാം ഒരേ രൂപം, അതെ അവർക്കെല്ലാം ജീസസ്സിന്റെ അതേ രൂപം. താൻ കാണാൻ കൊതിച്ച രൂപം. ജീസസ്സ് തന്റെ പ്രിയപ്പെട്ടവർക്കു മുന്നിൽ പല രൂപത്തിൽ വരുമെന്ന് ഒരിക്കൽ അന്നമ്മച്ചി പറഞ്ഞത് ആമിയുടെ ഓർമ്മയിൽ വന്നു. എന്റെ ഈശോയേ ഞാൻ എത്രയോ നാൾക്കു മുമ്പു തന്നെ നിന്നെ കണ്ടു കഴിഞ്ഞിരിക്കുന്നു. എന്നെ ആത്മഹത്യയിൽ നിന്നു പിന്തിരിപ്പിക്കാൻ പലരുടേയും രൂപത്തിൽ നീ വന്നു. ചില ആളുകളുടെ തനിസ്വഭാവം അറിയുന്നതിനു വേണ്ടി, ജീവിതത്തിൽ നിന്നോടു ചേർന്നിരിക്കാൻ വേണ്ടിയായിരുന്നല്ലോ ഈ രോഗം നീ എനിക്ക് തന്നത്. ഈ ജീവിതം നീ തിരിച്ചു തരുമെങ്കിൽ അന്ന് ഞാൻ കണ്ട ബാലനെ പോലെ ഏലിയാസപ്പച്ചനെ പോലെ അനേകരിൽ അങ്ങേ തിരുമുഖം ദർശിക്കാൻ ഇടവരുത്തണമേ, ആമി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

ഒരു സ്വപ്നത്തിൽ നിന്നെന്ന പോലെ അവൾ ഞെട്ടിയെഴുന്നേറ്റു. ശരീരമാകസകലം വിയർത്തിരുന്നു. അവളെ അത്ഭുതപൂർവ്വം ഉറ്റു നോക്കി കൊണ്ട് ഡോക്ടർമാർ ചുറ്റും നിന്നിരുന്നു. എല്ലാ കണ്ണുകളിലും അതിശയവും അമ്പരപ്പും. ഇവളെ ദൈവം തൊട്ടിട്ടുണ്ട്. ആരോ വിളിച്ചു പറയുന്നത് ആമി കേട്ടു. തൊട്ടപ്പുറത്തെ മുറിയിൽ അപ്പോഴും അവൾക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്ന ഏലിയാസപ്പച്ചന്റേയും അന്നമ്മച്ചിയുടേയും അടുത്തേയ്ക്കു ഡോക്ടർ പോയി. എന്താണു സംഭവിച്ചതെന്നറിയാതെ ആമി കുഴങ്ങി. അവളോട് അടുപ്പമുണ്ടായിരുന്ന ഒരു നഴ്സ് വന്ന് കാര്യം പറഞ്ഞു. ഏതാനും നിമിഷങ്ങൾക്കു മുമ്പ് അവൾ മരിച്ചിരുന്നുവെന്ന്. ബോഡി റൂമിൽ നിന്നും മാറ്റാനൊരുങ്ങുന്നതിനിടയിലാണ് അവൾ കണ്ണുതുറന്നതെന്നും. ആമിയുടെ കണ്ണുകളിൽ അത്ഭുതം കൂറി. താൻ സുഖപ്പെട്ടിരിക്കുന്നുവെന്ന് അവൾ അിറഞ്ഞു. ഈശ്വരൻ തന്നിൽ ഒരു നവകോശം സന്നിവേശിപ്പിച്ചിരിക്കുന്നുവെന്ന് അവൾ അനുഭവിച്ചറിഞ്ഞു. തന്നെ ജീവിതത്തിലേയ്ക്ക് മടക്കി കൊണ്ടു വന്ന ദൈവത്തോട് നന്ദി പറഞ്ഞു.

ഇന്ന് ആമി പഴയ ആളല്ല. നൈരാശ്യത്തിന്റെ പടുകുഴിയിൽ വീണുലഞ്ഞ്, മരിക്കാൻ തയ്യാറെടുത്ത ആ ആമി പണ്ടേ മരിച്ചുകഴിഞ്ഞു. ഇന്നവൾ പുതിയ ആമിയാണ്. അനേകം അഗതികളുടെ സ്നേഹക്കൂടാരമായ കരുണാലയത്തിന്റെ" അമ്മയാണ് അവിടെ അവളോടു കൂടെ അന്നവൾ സഹായിച്ച രണ്ടു കുരുന്നുകൾ ഉൾപ്പെടെ ഒട്ടനവധി അനാഥർ അന്തേവാസികളായി തുടരുന്നു. അവർക്കു പിന്തുണയുമായി ഏലിയാസച്ചനും അന്നമ്മച്ചിയുമുണ്ട് കൂടെ. അവിടം സ്വർഗ്ഗമാക്കി ആമി തന്റെ ജീവിതയാത്ര തുടരുകയാണ്. അവൾക്ക് ചെയ്തു തീർക്കാൻ ഇനിയും ഒരുപാട് കാര്യങ്ങളുണ്ട്, കാരണം ദൈവം അവളെ തെരഞ്ഞെടുത്തു, അനേകം അശരണർക്ക് കാരുണ്യ പാത്രമാവാൻ.



# ഉപകാരസ്മരണ

ദൈവത്തിനു സ്തുതി, ഞാൻ ബ്രദർ ഫോർത്തുനാത്തൂസിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ ഉറക്കക്കുറവും, തലവേദനയും കുറഞ്ഞു, കൂടാതെ എന്റെ മകന്റെ കല്യാണം നടന്നു.
മോളി, എളുക്കൂന്നേൽ

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ മദ്ധ്യസ്ഥതയിൽ ഉദിഷ്ട കാര്യം സാധിച്ചതിന് നന്ദി.

എന്റെ രണ്ടാമത്തെ കൊച്ച് അബോർഷനായി പോയിരുന്നു. ഞാൻ എല്ലാ ദിവസവും വല്യച്ചന്റെ പ്രാർത്ഥന മുടക്കാതെ ചൊല്ലി ഒരു കുഞ്ഞിനു വേണ്ടി പ്രാർത്ഥിച്ചു വരികയായിരുന്നു. വല്യച്ചനെ ദൈവദാസനായി പ്രഖ്യാപിച്ച 2014 നവംബർ മാസത്തിൽ മൂന്നാമത്തെ കുഞ്ഞിനെ ഗർഭം ധരിച്ചു. ആറാം മാസത്തിലെ സ്കാനിംഗിൽ മറുപിള്ള താഴെയാണെന്നും വളരെ കോംപ്ലിക്കേറ്റഡ് ആണെന്നും പരിപൂർണ്ണ ബഡ്റ്റ് റസ്റ്റ് ആവശ്യമാണെന്നും നിർദ്ദേശിച്ചു. എന്റെ വീട്ടിലെ സാഹചര്യത്തിൽ എനിക്ക് പൂർണ്ണമായും റസ്റ്റ് എടുക്കുവാൻ സാധിക്കുന്ന അവസ്ഥയിൽ ആയിരുന്നില്ല. ഒരു സാധാരണ വീട്ടമ്മയുടെ എല്ലാ ജോലിയും ചെയ്തിരുന്നു. ഇടയ്ക്ക് പറമ്പിലും സഹായിച്ചിരുന്നു. ഞാൻ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. വല്യച്ചനെ കുഞ്ഞിന്റെ കാര്യം ഏല്പിച്ചു. ആശുപത്രിയിൽ പോയിരുന്ന അവസരത്തിലെല്ലാം കബറിടത്തിൽ പോയി പ്രത്യേകം പ്രാർത്ഥിച്ചിരുന്നു. ഒൻപതാം മാസത്തിലെ സ്കാനിംഗിലും കുഞ്ഞ് കിടക്കുന്ന അവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ലായെന്നും ഓപ്പറേഷൻ ആവശ്യമായി വരുമെന്നും പറഞ്ഞു. എന്നാൽ ഞാൻ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. പ്രസവത്തിന് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തപ്പോഴും ഓപ്പറേഷൻ വേിവരുമെന്ന് പറഞ്ഞു. വല്യച്ചന്റെ മദ്ധ്യസ്ഥത്തിൽ വിശ്വാസത്തോടെ പ്രാർത്ഥിച്ച എനിക്ക് ഓപ്പറേഷൻ കൂടാതെ കുഞ്ഞിന് ജന്മം നൽകുവാൻ സാധിച്ചു. ഇത് ജീവിതത്തിൽ ലഭിച്ച വലിയ ഒരു അനുഗ്രഹമായിട്ടാണ് ഞാൻ വിശ്വസിക്കുന്നത്.

സോണിയ അഭിലാഷ്

+2 ന് എനിക്ക് 85% മാർക്ക് ലഭിക്കണമെന്ന് ബ്രദർ ഫോർത്തുനാത്തൂസിന്റെ മദ്ധ്യസ്ഥത്തിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് 85% മാർക്ക് ലഭിച്ചു
ഡാനിയ. പി. ഷാജു

ചിത്രകഥ

# ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ്

രചന: ഡോ. ജെ. മുണ്ടയ്ക്കൽ ചിത്രീകരണം: ജോബി നിരപ്പേൽ



# ഫോർച്ച്യൂൺ വോയ്സ്

ശരീരത്തിലൂടെ ആത്മാവിലേയ്ക്ക്

March
2016
Vol.3
Issue 1



# ബ്രദേഴ്സ് ഓഫ് സെൻ്റ് ജോൺ ഓഫ് ഗോഡ് &
# സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെൻ്റ് ജോൺ ഓഫ് ഗോഡ്





സേവനത്തിൻ്റെ ചുവടുകൾ
ജീവിതത്തിൻ്റെ താളമാക്കിക്കൊണ്ട്
ഭാരതമണ്ണിൽ നന്മ വിതയ്ക്കാനും,
ചെറിയവരുടെ കണ്ണീർ ഒപ്പുവാനുമായി,
വിദേശത്തുനിന്നും വന്നെത്തിയ
ബ്രദർ ഫോർത്തുനാത്തൂസിൻ്റെ
ഉൾക്കാഴ്ചയായ ഓരോ രോഗിയും
ക്രിസ്തുനാഥനും, രോഗിശയ്യിക്കുന്ന
കിടക്ക അൾത്താരയുമാണെന്നുള്ളത്
ഉൾവിളിയായി സ്വീകരിച്ചുകൊണ്ട് -
ചെറിയവരിൽ ഈശോയെ ദർശിക്കാൻ...

ശുശ്രൂഷയുടെ ജീവിതമർപ്പിക്കാൻ
നിങ്ങളും വരുന്നോ?

എങ്കിൽ എഴുതുക



**കുഞ്ഞനുജൻമാർക്കും കുഞ്ഞനുജത്തിമാർക്കും**
**സ്വാഗതം**


Vocation Promoter
Brothers of St. John of God
P.B. NO: 2, Kattappana South P.O.
Idukki (Dist.), Pin - 685515
Tel: 9446984597

Vocation Promoter
Sisters of Charity of St. John of God
Kattappana South P.O.
Idukki (Dist.), Pin - 685515
Tel : 04868 272744
Mob: 9961107153



March 2016 Vol.3 Issue 1

# ഫോർച്യൂൺ വോയ്സ്

കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമ സഹായമെത്രാൻ

## മാർ ജോസ് പുളിയ്ക്കൽ പിതാവിന്

സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്ന്റെ

പ്രാർത്ഥനാശംസകൾ